OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. III Book.07 Regd. No. ER/450/2001 1196 മിഥുനം– കർക്കടകം 2021 ജൂലൈ Date: 31.07.2021




# ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ 66–ാം പിറന്നാൾ ദിനം

ഭാരത സർക്കാർ പ്രമുഖ ഓഹരി ഉടമയായുള്ള ഒരു പൊതുമേഖലാ ധനകാര്യസ്ഥാപനമാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്കായ എസ്.ബി.ഐ., 1806-ൽ 'ബാങ്ക് ഓഫ് കൽക്കട്ട' എന്ന പേരിൽ കൽക്കട്ടയിലാണ് സ്ഥാപിയ്ക്കപ്പെട്ടത്. ശാഖകളുടെ എണ്ണത്തിൽ ലോകത്തെ രണ്ടാം സ്ഥാനത്തുള്ള എസ്.ബി.ഐ., ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഏറ്റവും പഴക്കം ചെന്ന ബാങ്കുകളിലൊന്നാണ്. 1806 ജൂൺ 2നു സ്ഥാപിതമായ 'ബാങ്ക് ഓഫ് കൽക്കട്ട'യിൽ നിന്നുമാണ് എസ്.ബി.ഐയുടെ വേരുകൾ തുടങ്ങുന്നത്. 1809 ജനുവരി 2നു ബാങ്ക് ഓഫ് കൽക്കട്ടയെ പ്രസിഡൻസി ബാങ്ക് ആയി പരിണമിപ്പിച്ച് " ബാങ്ക് ഓഫ് ബംഗാൾ" എന്ന് ആക്കി മാറ്റി. 1840 ഏപ്രിൽ തുടങ്ങിയ ബാങ്ക് ഓഫ് ബോംബെ, 1843 ജൂലൈയിൽ ആരംഭിച്ച ബാങ്ക് ഓഫ് മദ്രാസ് എന്നിവ 1921 ജനുവരി 27നു ബാങ്ക് ഓഫ് ബംഗാളുമായി ലയിച്ച് ഇമ്പീരിയൽ ബാങ്ക് ഓഫ് ഇന്ത്യ രൂപം കൊണ്ടു. 1955 ജൂലൈ 1നു ഗോർവാലെ കമ്മറ്റിയുടെ ശുപാർശ അംഗീകരിച്ച് ''സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആക്റ്റ് 1955'' നിലവിൽ വരുകയും അതോടെ ഇമ്പീരിയൽ ബാങ്കിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നു നാമകരണം ചെയ്തു പൊതുമെഖലാ ബാങ്ക് ആക്കുകയുമായിരുന്നു. സബ്സിഡീയറി ബാങ്കുകളുടെ നിയന്ത്രണം എസ്.ബി.ഐ ഏറ്റെടുത്തത് എസ്.ബി.ഐ ( സബ്സിഡിയറി ബാങ്ക് ആക്റ്റ് ) 1959 ൽ പാർലമെന്റ് നടപ്പിലാക്കിയതോടെയാണ്. ഈ നിയമത്തെ അടിസ്ഥാനമാക്കി, വിവിധ നാട്ടു രാജാക്കന്മാരുടെ ഉടമസ്ഥതയിലുള്ള 8 ബാങ്കുകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സബ്സിഡിയറി ബാങ്കുകളായി. 1.സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനിർ 2.സ്റ്റേറ്റ് ബാങ്ക് ഓഫ് ജയ്പൂർ 3.സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ് 4. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോർ 5.സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ 6.സ്റ്റേറ്റ് ബാങ്ക് ഓഫ് പട്യാല 7. സ്റ്റേറ്റ് ബാങ്ക് സൗരാഷ്ട്ര & 8. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

പിന്നീട് സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനിറും സ്റ്റേറ്റ് ബാങ്ക് ഓഫ് ജയപ്പുരും ലയിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനീർ & ജയ്പൂർ രൂപീകരിച്ചു. 2008 ൽഎസ്ബിഐഎസും , 2010 ൽഎസ്ബി ഇൻഡോറും എസ്.ബി.ഐ. യുമായി ലയിപ്പിച്ചു. 2017 ഏപ്രിൽ 1 മുതൽ ശേഷിക്കുന്ന അസോസി യേറ്റ് ബാങ്കുകളും കൂടാതെ ഭാരതീയ മഹിളാ ബാങ്കും എസ്ബി.ഐ. യിൽ ലയിപ്പിച്ചു.

ഇത് ഇന്ത്യയിലെ ബാങ്കിങ് വ്യവസായത്തിന്റെ ചരിത്രത്തിലെ ആദ്യ വലിയ തോതിലുള്ള ഏകീകരണമാണ്. ലയനശേഷം 33 ട്രില്യൺ വരുന്ന ബാലൻസ് ഷീറ്റ്, 278,000 ജീവനക്കാർ, 420 ദശലക്ഷം ഉപഭോക്താക്കൾ, 24,000 ശാഖകളും 59,000 എടിഎമ്മുകൾ എന്നിവയുമായി ലോകത്തിലെ ഏറ്റവും വലിയ 50 ബാങ്കുകളിൽ ഒന്നായി. 2016 ൽ ലോകത്തിലെ ഏറ്റവും വലിയ കോർപ്പറേഷനുകളുടെ ഫോർച്യൂൺ ഗ്ലോബൽ 500 പട്ടികയിൽ 232-ാം സ്ഥാനത്താണ് ഭാരതീയ സ്റ്റേറ്റ് ബാങ്ക്.

ശാഖകളുടെ എണ്ണത്തിൽ 10,000 തികച്ച ഏക ഇന്ത്യൻ ബാങ്കാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. 2008 മാർച്ച് 9നു തമിഴ്നാട്ടിലെ ശിവഗംഗ ജില്ലയിലുള്ള പുതുവയൽ ഗ്രാമത്തിലാണ് പതിനായിരാമത്തെ ശാഖ കേന്ദ്രമന്ത്രി പി.ചിദംബരം ഉദ്ഘാടനം ചെയ്തത്. ശാഖകളുടെ എണ്ണത്തിൽ നിലവിൽ ലോകത്ത് രണ്ടാം സ്ഥാനമാണ് എസ്.ബി.ഐ ക്ക്. ചൈനയിലെ ദി ഇൻഡസ്ട്രിയൽ ആൻഡ് കൊമേഴ്സിയൽ ബാങ്ക് ഓഫ് ചൈനയാണ് ഒന്നാമത്. ലോകത്തിൽ ഏറ്റവും ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്കും ഇതുതന്നെ.



ഇസ്റായേലിലെ ശാഖ

# പിറന്നാൾ ദിനത്തിൽ അസോസ്സിയേഷന് കോട്ടയത്ത് ഏരിയാ ഓഫീസ് അനുവദിച്ച് സ്റ്റേറ്റ് ബാങ്ക്

**ബാങ്ക് ഡേ ദിനമായ ജൂലൈ ഒന്നാം തിയതി സമ്മാനമായി അനുവദിച്ച തന്ന് ഡി.ജി.എം ശ്രീ. സുരേഷ് വാക്കിയിൽ**



ദിർഘകാലമായി എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷൻ ആവശ്യപ്പെട്ടു വന്നിരുന്ന ഏരിയാ ഓഫീസ് ബാങ്ക് പിറന്നാൾ ദിനത്തിൽ യാഥാർത്ഥ്യമായി .



ബാങ്ക് പിറന്നാൾ ദിന അഘോഷ പരിപാടികളുടെ ഉദ്ഘാടനം ഡെ. ജനറൽ മാനേജർ ശ്രീ. സുരേഷ് വാക്കിയിൽ നിലവിളക്ക് കൊളുത്തി നിർവഹിക്കുന്നു.



അസോസിയേഷൻ ഏരിയാ ഓഫീസ്, ഡെ. ജനറൽ മാനേജർ ശ്രീ. സുരേഷ് വാക്കിയിൽ നാട മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു. സമീപം ആർ.ബി.ഒ. റീജിയൺ 1 റീജിയണൽ മാനേജർ വിജേഷ്..ബി.യേയും കാണാം

ജൂലൈ ഒന്നിന് ബാങ്ക് ജന്മദിനത്തിൽ കോട്ടയം ഠൗൺ ബ്രഞ്ചിൽ വച്ച് നടന്ന ലളിതവും ഹൃദയാവർജക വുമായ ചടങ്ങിൽ വച്ച് അസോസിയേഷൻ ഏരിയാ ഓഫീസ്, ഡെ. ജനറൽ മാനേജർ ശ്രീ. സുരേഷ് വാക്കിയിൽ നാട മുറിച്ച് ഉദ്ഘാടനം ചെയ്തു. .




ഏരിയാ ഓഫീസ് കവാടം



കോട്ടയം എ.ഒ.യുടെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ ഓഫീസ് ഏറ്റെടുത്ത് ചാർജ് എടുക്കുന്ന സമയത്ത് സ്റ്റേറ്റ് കമ്മറ്റിയംഗം ശ്രീമതി.റൈസാ ബീഗം, ജോയിന്റ് സെക്രട്ടറി എം.പി. പുഷ്ക്കരൻ, ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ്, ട്രഷറാർ ശ്രീ. തോമസ് ഫിലിപ്പ് കോട്ടയം ജില്ലാ കേന്ദ്രം വൈസ് പ്രസിഡന്റ് ശ്രീമതി.ത്രേസ്യാമ്മ ആന്റണി എന്നിവർക്കൊപ്പം



കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ.എം.ജി.രാഘവനും ജില്ലാക്കമ്മറ്റി അംഗങ്ങളും ഉദ്ഘാടന വേളയിൽ

## എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന്റെ

# ഇൻകം ടാക്സ് ഹെൽപ് ഡെസ്ക്

ആദായനികുതി സംബന്ധമായ സംശയങ്ങൾക്ക് ,
നികുതി റിട്ടേൺ സമർപ്പിക്കുന്നതിന് കോട്ടയത്ത്
നമ്മുടെ മെമ്പർമാരായ
ശ്രീ പുന്നൂസ് .എസ്



ശ്രീ.പുന്നൂസ്.എസ്.
Mob No 9447364228
പാലായിൽ



ശ്രീ വികെ പ്രഭാകരൻ
mob 94473 56444

ഇവരുടെ സൗജന്യ സേവനം ലഭ്യമാണ്
കൂടാതെ
ഇൻകം ടാക്സ് വിദഗ്ദ്ധൻ
ശ്രീ അശോക് കുമാർ, കോഴ
ഓഫീസ് കണക്കാരിയൽ
mob Nos /94464 76062/
94962 15100
( പ്രവർത്തകർക്ക് ഫീസ് ഇളവ് നല്കും )

എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

# കോട്ടയം ജില്ലാ ഭരണ സമിതി യോഗം ഗൂഗിൾ മീറ്റിൽ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് ഭരണ സമിതി യോഗം 2021 ജൂലായ് മാസം 16-ാം തിയതി വെള്ളയിാഴ്ച്ച രാവിലെ 11 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. വൈസ് പ്രസിഡന്റ്, ഡി.ജി.എസ്, എ.ജി.എസ്. എന്നിവരുൾപ്പടെ 16 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ, അദ്ധ്യക്ഷത വഹിച്ചു.



കോട്ടയം ജില്ലാ ഘടകത്തിന്റെ 2020-21 ലെ ഭരണ സമിതി യോഗം ജൂലായ് മാസം 16-ാം തിയതി വെള്ളയിാഴ്ച്ച രാവിലെ 11 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തിയപ്പോൾ

ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം വൈസ് പ്രസിഡന്റ് ശ്രീ.കെ.എൻ.വിശ്വനാഥൻ നായർ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ബി. സി. ഉണ്ണികൃഷ്ണൻ നായർ യോഗത്തിൽ പങ്കെടുത്ത് പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിച്ചു.

ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ മുഖ്യ പ്രഭാഷണം നടത്തി. വിവിധ വിഷയങ്ങളിൽ അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് മറുപടി നല്കി. അംഗങ്ങളുടെ വിവിധ പ്രശ്നങ്ങളിലിടപെട്ട് പരിഹാരങ്ങൾ നിർദ്ദേശിച്ചു.



ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. തുടർന്ന് എ. ജി. എസ്., ശ്രീ. പി. എസ്. രാജമോഹനൻ നായർ, സ്റ്റേറ്റ് കമ്മിറ്റി മെമ്പർ റെയിസ ബീഗം , വൈസ് പ്രസിഡന്റ്

ശ്രീ.കെ. എൻ.വിശ്വനാഥൻ നായർ, എന്നിവർ ചർച്ചകളിൽപങ്കെടുത്ത് സംസാരിച്ചു.ജോയിന്റ് സെക്രട്ടറി ശ്രീ. എം.പി.പുഷ്ക്കരൻ നന്ദി പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു

# ബാങ്ക് ദിനാചരണം
## കൊല്ലത്ത്

കൊല്ലം അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സിൽ ജൂലൈ 1-ാം തിയതി കോവിഡ് പ്രോട്ടോക്കോൾ നിയന്ത്രണങ്ങൾ പാലിച്ച് ബാങ്ക് ദിനാഘോഷം സമുചിതമായി ആഘോഷിച്ചു. ബാങ്ക് പിറന്നാൾ ദിനാചരണത്തിന്റെ ഭാഗമായി കൊല്ലം അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സ് പരിസരത്ത് വൃക്ഷതൈകൾ നടുന്ന പരിപാടി ബാങ്ക് ആസൂത്രണം ചെയ്തു. ഡിജിഎം, എ.ജി.എം, മറ്റ് പ്രവർത്തകർ എന്നിവർ പങ്കെടുത്ത വിശേഷ പരിപാടി ലേക്ക് നമ്മുടെ സംഘടനയെ ക്ഷണിച്ചു.

കൊല്ലം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എൻ.ജി. ഗണപതി കൃഷ്ണൻ, ഒരു വൃക്ഷതൈ ബാങ്ക് പരിസരത്ത് നട്ടു. ഡിജിഎം, എജിഎം, എസ്. ബി. സ്റ്റാഫ് യൂണിയൻ, എസ് ബിഐ ഓഫീസേഴ്സ് അസോസ്സിയേഷൻ പ്രതിനിധി കളും എ.ഒ പരിസരത്ത് തൈകൾ നട്ടു.



ബാങ്ക് ദിനാചരണത്തിന്റെ ഭാഗമായി എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കൊല്ലം ഡിജി എസ്, എൻ. ഗണപതി കൃഷ്ണൻ ബാങ്ക് പരിസരത്ത് വൃക്ഷ തൈ നടുന്ന വേളയിൽ എടുത്ത ഫോട്ടോ.

# കണ്ണൂർ ഡിസ്ട്രിക്റ്റ് സെന്ററിന്റെ ത്രൈമാസ ജനറൽ ബോഡി യോഗം



17/07/2021 ന് എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷന്റെ കണ്ണൂർ ഡിസ്ട്രിക്റ്റ് സെന്ററിന്റെ ത്രൈമാസ ജനറൽ ബോഡി യോഗം ഗൂഗിൾ പ്ലാറ്റ്ഫോമിലൂടെ നടന്ന വേളയിൽ

ശ്രീ എ വി സുരേഷ് കുമാർ വൈസ് പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ജയകുമാർ, , സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ കെ. രാജ കുറുപ്പ്, ഡിജിഎസ്, ശ്രീ ജോസ് മാർസെലിൻ, , എജിഎസ് ശ്രീ സേതു മാധവൻ നായർ എന്നിവർ അംഗങ്ങളെ അഭിസംബോധന ചെയ്തു.. മുൻ ജില്ലാ പ്രസിഡന്റ് ശ്രീ എൻ പി രാമനാരായണൻ, മുൻ എസ്ബിഎസ്യു ജനറൽ സെക്രട്ടറി ശ്രീ എ രാഘവൻ എന്നിവരും അംഗങ്ങളെ അഭിസംബോധന ചെയ്തു. മൊത്തം 50 അംഗങ്ങൾ ഓൺലൈൻ മീറ്റിംഗി ൽ പങ്കെടുത്തു

# തിരുവനന്തപുരം ഡിസ്ട്രിക്റ്റ് സെന്ററിന്റെ ത്രൈമാസ ജനറൽ ബോഡി യോഗം

എസ്ബിഐ ഓഫീസേഴ്സ് അസോസ്സിയേഷൻ തിരുവനന്തപുരം ജില്ലാ വാർഷിക പൊതുയോഗം 24-7.21 ശനിയാഴ്ച ഓൺലൈൻ ആയി നടത്തപ്പെട്ടു. പലപ്പോഴായി 188 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് ശ്രീ..എ. ആർ. സോമനാഥൻപിള്ള അദ്ധ്യക്ഷനായിരുന്നു. ശ്രീമതി. എൻ..എസ്സ് അനിതാ കുമാരിയുടെ ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം മൺമറഞ്ഞ അംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി.. ജോയിന്റ് സെക്രട്ടറി ശ്രീ..ജി.മധുകുമാർ സ്വാഗതം ആശംസിച്ചു

സംസ്ഥാന പ്രസിഡൻറ് ശ്രീ.കെ.രാജീവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീ.എ.ജയകുമാർ മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് 75 വയസ് പൂർത്തിയാക്കിയ 13 മുതിർന്ന അംഗങ്ങളെ ആദരിച്ചു. ജില്ല

സെക്രട്ടറി ശ്രീ.ജോസഫ് വി. എൽ. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.. ജില്ലാ ട്രഷററർ ജില്ലാക്കമ്മറ്റിയുടെയും ആശ്വാസ് ബെനവെലന്റ് ഫണ്ടിന്റെയും വരവ് ചിലവ് കണക്ക് അവതരിപ്പിച്ചു. സെക്രടറി 25.1.20 ന് കൂടിയ വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സും അവതരിപ്പിച്ചു.

വൈസ് പ്രസിഡന്റ് ശ്രീ. ബി.സി. ഉണ്ണികൃഷ്ണൻ നായർ, രക്ഷാധികാരി ശ്രീ.ജോൺ ജോസഫ്, എ.ജി.എസ്സ് ശ്രീ.രാജ ചന്ദ്രൻ നായർ എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് അംഗങ്ങൾ സ്വയം പരിചയപ്പെടുത്തുകയും സംശയങ്ങൾ ഉള്ളവ ഉന്നയിക്കുകയും ചെയ്തു.



**യോഗത്തിൽ പങ്കെടുത്തവരുടെ ഒരു ദൃശ്യം**

സംശയങ്ങൾക്ക് ശ്രീ കെ.രാജീവൻ, ശ്രീ. ബി.സി.ഉണ്ണി കൃഷ്ണൻ നായർ, ശ്രീ.എ. ജയകുമാർ എന്നിവർ മറുപടി പറഞ്ഞു. ട്രഷറർ ശ്രീ.എസ്സ് രാധാകഷ്ണൻ നായരുടെ നന്ദി പ്രകാശനത്തോടു കൂടി യോഗം 6 മണിയ്ക്ക് അവസാനിച്ചു.



# സഹകരണ മേഖലയ്ക്കായി പുതിയ മന്ത്രാലയം





സഹകരണ സ്ഥാപനങ്ങൾക്കായി പുതിയ മന്ത്രാലയം ആരംഭിച്ച് മോദി സർക്കാർ. ‘‘സഹകരണത്തിലൂടെ സമൃദ്ധി’’ എന്ന കാഴ്ച്ചപ്പാടോടെയാണ് ഈ മന്ത്രാലയം ആരംഭിച്ചിരിക്കുന്നത്. രാജ്യത്തെ സഹകരണ മേഖലയ്ക്കായി നിയമപരമായതും ഭരണപരമായതുമായ നയരൂപീകരണമാണ് ഈ മന്ത്രാലയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സഹകരണ മേഖലയിലെ ബിസിനസ്സുകൾ സുതാര്യതയോടെ നടത്തുവാനും മൾട്ടി സ്റ്റേറ്റ് കൊ-ഓപ്പറേറ്റിവ് സൊസൈറ്റികളെ സൃഷ്ടിക്കുവാനും കേന്ദ്ര സഹകരണ മന്ത്രാലയം ശ്രമിക്കുമെന്നുമാണ് വാർത്താക്കുറിപ്പിലുള്ള സൂചന.



കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമനാണ് സഹകരണ മേഖലയ്ക്ക് പ്രത്യേക മന്ത്രാലയം എന്ന ആശയം മുന്നോട്ട് വച്ചത്.

സഹകരണം സംസ്ഥാന വിഷയമാണെകിലും കേന്ദ്രത്തിൽ പുതിയൊരു മന്ത്രാലയം വരുന്നത് ഈ മേഖലയിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കാൻ സഹായിക്കുമെന്നാണ് വിലയിരുത്തൽ . ഇതുവരെ കൃഷിമന്ത്രാലയത്തിന്റെ കീഴിലായിരുന്നു, സഹകരണം. ഈ മന്ത്രാലയത്തിലെ സെൻട്രൽ രജിസ്ട്രാറായിരുന്നു സഹകരണ മേഖലയുടെ മേൽനോട്ടത്തിനുള്ള ഏക അതോറിറ്റി. ഒന്നിലേറെ സംസ്ഥാനങ്ങളിൽ ഇടപാടുകളുള്ള ബഹുതല സംസ്ഥാന കോ - ഓപ്പറേറ്റീവുകളും സഹകരണസംഘങ്ങളുമൊക്കെ കേന്ദ്ര രജിസ്ട്രാറുടെ അധികാര പരിധിയിലാണ്. പുതിയ മന്ത്രാലയം വരുന്നതോടെ പ്രത്യേക അധികാര കേന്ദ്രം വരുമെന്നതാണ് സവിശേഷത.



**കേന്ദ്ര സഹകരണ വകുപ്പ് മന്ത്രി അമിത്ഷാ**

അമിത് ഷാ ഇപ്പോൾ നിലവിലെ ആഭ്യന്തരകാര്യ വകുപ്പിനൊപ്പം പുതുതായി രൂപീകരിച്ച സഹകരണ മന്ത്രാലയവും കൈകാര്യം ചെയ്യും. കേന്ദ്ര സഹകരണ വകുപ്പ് മന്ത്രിയായി അമിത്ഷാ സ്ഥാനമേറ്റു. കൂടുതൽ ഇളവുകളും സഹായവും നൽകി സഹകരണരംഗം പ്രോത്സാഹിപ്പിക്കാൻ മന്ത്രാലയം പ്രയോജനപ്പെടും. കൂടുതൽ പരിശീലനങ്ങളും ആധുനിക മാനേജ്മെൻറുമൊക്കെ നടപ്പാക്കാനും വഴിയൊരുങ്ങും.

## അർബൻ സഹകരണ ബാങ്കുകളുടെ ഓഹരി വിൽപ്പനയ്ക്ക് വ്യവസ്ഥ വരുന്നു

ബാങ്കിങ് കമ്പനികളുടെ മാതൃകയിൽ സഹകരണ ബാങ്കുകളിലെ ഓഹരി വില്ക്കാമെന്ന വ്യവസ്ഥ വരുന്നു. കരട് വിജ്ഞാപനം ഇറക്കി റിസർവ് ബാങ്ക്. ബാങ്കിങ് നിയന്ത്രണ നിയമ ഭേദഗതി അനുസരിച്ചാണ് റിസർവ് ബാങ്കിന്റെ നടപടി. ഓഹരിയെടുക്കുന്നവർ സഹകരണ ബാങ്കുകളിൽ അംഗങ്ങളാവണമെന്നില്ല. ഓഹരി പിൻവലിക്കുന്നതും വിലക്കി. റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതിയോടെയാണ് ഓഹരി വിൽപ്പന നടത്തേണ്ടതെന്നും പറയുന്നു . നിലവിൽ ഒമ്പത് ശതമാനം മൂലധനപര്യാപ്തത ഇല്ലാത്ത സഹകരണ ബാങ്കുകളിലെ ഓഹരി പിൻവലിക്കാനാകില്ല. സംസ്ഥാനത്തെ ഭൂരിപക്ഷം സഹകരണ ബാങ്കുകൾക്കും കേരള ബാങ്കിനും ഒമ്പത് ശതമാനം മൂലധനപര്യാപ്തതയില്ല. പൊതുജനങ്ങളിൽ നിന്നടക്കം

അഭിപ്രായം തേടിക്കൊണ്ടാണ് ബാങ്കിങ് കമ്പനികളുടെ മാതൃകയിൽ ഓഹരി വില്ക്കാമെന്ന വ്യവസ്ഥയുമായി കരട് വിജ്ഞാപനം ഇറക്കിയിട്ടുള്ളത്.

## എച്ച്.ഡി.എഫ്.സി . ബാങ്കിന് അറ്റാദായത്തിൽ 16 ശതമാനം വർധന

നടപ്പുസാമ്പത്തികവർഷം ആദ്യപാദത്തിൽ അറ്റാദായത്തിൽ എച്ച്.ഡി.എഫ്.സി . ബാങ്കിന് 16.1 ശതമാനം അറ്റാദായം . വരുമാനം മുൻവർഷത്തെ 6658.80 കോടി രൂപയിൽനിന്ന് 7,729.60 കോടിയായി. മുൻവർഷം രണ്ടാം കോവിഡ് തരംഗത്തെത്തുടർ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതും കിട്ടാക്കട വായ്പ്പകൾക്കായി കൂടുതൽ തുക നീക്കി വെക്കേണ്ടി വന്നതുമാണ് കാരണമായതെന്ന് ബാങ്ക് വ്യക്തമാക്കി . മൊത്തം പലിശ നിഷ്ക്രിയ ആസ്തി 1.47 ശതമാനമായി .

## " സിഡ്ബി ' യുടെ ലാഭം 2,398 കോടി രൂപയായി '

സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെൻറ് ബാങ്ക് ഓഫ് ഇന്ത്യ മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷം ( 2020-21 ) 2,808 കോടി രൂപ അറ്റാദായം നേടി . മുൻ സാമ്പ ത്തിക വർഷത്തെ 2,315 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ അറ്റലാഭം 3.6 ശതമാനം വർധിച്ചിട്ടുണ്ട് . അറ്റ പലിശ വരുമാനം 11.5 ശതമാനം വർധിച്ച് 3,078 കോടി രൂപയായി . നിഷ്ക്രിയ ആസ്തി 1,040.84 കോടി രൂപയിൽ നിന്ന് 282,31 കോടി രൂപയായി കുറഞ്ഞു .

## ഡിജിറ്റൽ കറൻസി പദ്ധതിയുമായി റിസർവ് ബാങ്ക്

രാജ്യത്ത് ഘട്ടംഘട്ടമായി ഡിജിറ്റൽ കറൻസി നടപ്പാക്കാനുള്ള പദ്ധതിയുമായി മുന്നോട്ടു പോകുകയാണെന്ന് റിസർവ് ബാങ്ക്. പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഡിജിറ്റൽ കറൻസിയുടെ പരീക്ഷണം അധികം താമസിയാതെ ഉണ്ടാകുമെന്നും ആർ.ബി.ഐ. ഡെപ്യൂട്ടി ഗവർണർ ടി . രബി ശങ്കർ പറഞ്ഞു.




പേമെൻറ് സംവിധാനങ്ങളിൽ ഇന്ത്യയെ മുന്നിൽ നിർത്താനുതകും വിധം കേന്ദ്രബാങ്ക് ഡിജിറ്റൽ കറൻ സി (സി.ബി.ഡി.സി.) കൊണ്ടുവരാനാണ് ആർ.ബി.ഐ.യുടെ പ്രയത്നം. ഡിജിറ്റൽ കറൻസി കൊണ്ടുവരുന്നതിനു മുന്നോടിയായുള്ള നിയമചട്ടക്കൂടുകൾ തയ്യാറാക്കി വരികയാണ്.

## " ബാഡ് ബാങ്ക്"
### ഔദ്യോഗികമായി രജിസ്റ്റർചെയ്തു




പൊതുമേഖലാ ബാങ്കുകളിലെ ബാലൻസ് ഷീറ്റ് ശുദ്ധീകരിക്കുന്നതിന്റെ ഭാഗമായി നിഷ്ക്രിയ ആസ്തികൾ മാറ്റുന്നതിന് ബജറ്റിൽ പ്രഖ്യാപിച്ച ആസ്തി പുനർനിർമാണ കമ്പനിയായ "ബാഡ് ബാങ്ക്" ഔദ്യോഗികമായി രജിസ്റ്റർചെയ്തു. നാഷണൽ ആസ്തി പുനർ നിർമാണ കമ്പനി (എൻ.എ.ആർ.സി.) എന്ന പേരു നൽകിയിട്ടുള്ള കമ്പനിക്ക് ഇനി റിസർവ് ബാങ്കിന്റെ അനുമതികൂടി ലഭിക്കേണ്ടതുണ്ട് . കാനറാബാങ്കായിരിക്കും കമ്പനിയിൽ ലീഡ് ബാങ്ക് . ജൂലായ് ഏഴിനാണ് കമ്പനി രജിസ്റ്റർ ചെയിരിക്കുന്നത് . 74.6 കോടി രൂപയാണ് പ്രാരംഭ മൂലധനം. എസ്.ബി.ഐ.യുടെ കിട്ടാക്കട

ആസ്തികൾ കൈകാര്യം ചെയ്തിരുന്ന മലയാളിയായ പത്മകുമാർ മാധവൻ നായർ ആണ് കമ്പനിയുടെ മാനേജിങ് ഡയറക്ടർ. ഇന്ത്യൻ ബാങ്ക് അസോസിയേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ സുനിൽ മേത്ത എൻ.എ.. ആർ.സി.യിൽ ഡയറക്ടറാവും. എസ്.ബി.ഐ.യുടെ നോമിനിയായി സലീ എസ്. നായരും കനറാ ബാങ്കിന്റെ നോമിനിയായി അജിത് കൃഷ്ണൻ നായരും എൻ.എ.ആർ.സി. ബോർഡിലെത്തുമെന്നാണ് സൂചന. ബാങ്കുകളിലെ നിഷ്ക്രിയ ആസ്തികൾ തിരിച്ചു പിടിക്കുന്നതിനായി 2016ൽ പാപ്പരത്ത നിയമം നടപ്പാക്കിയെങ്കിലും കാര്യമായ പുരോഗതിയുണ്ടാകാത്ത സാഹചര്യത്തിലാണ് ആസ്തി പുനർനിർമാണകമ്പനി തുടങ്ങാൻ തീരുമാനമെടുത്തത്. നിഷ്ക്രിയ ആസ്തികൾ പുതിയ കമ്പനികളിലേക്കു മാറ്റുന്നതോടെ ബാങ്കുകളിലെ ബാലൻസ് ഷീറ്റ് മെച്ചപ്പെടു ത്താനാകുമെന്നാണ് പ്രതീക്ഷ . പൊതു - സ്വകാര്യ ബാങ്കുക ളും എൽ.ഐ.സി.യും ഇതിൽ നിക്ഷേപം നടത്തുന്നുണ്ട് .

## പണപ്പെരുപ്പം കുറഞ്ഞു



രാജ്യത്തെ മൊത്തവില സൂചികാ പണപ്പെരുപ്പത്തിൽ മേയ് മാസത്തെ അപേക്ഷിച്ച് ജൂണിൽ നേരിയ കുറവ് . മേയിൽ രേഖപ്പെടുത്തിയ റെക്കോഡ് നിലവാരമായ 12.94 ശതമാനത്തിൽനിന്ന് 12.07 ശതമാനമായാണ് താഴ്ന്നത് . ആറ് മാസത്തിനുശേഷം മൊത്ത വില പണപ്പെരുപ്പം കുറയുന്നത് ആദ്യമാണ്.

.

അതേ സമയം , തുടർച്ചയായ മൂന്നാം മാസവും ഇത് രണ്ടക്കത്തിൽ തുടരുകയാണ് . പെട്രോൾ , ഡീസൽ , നാഫ്ത , എ.ടി.എഫ് , ഫർണസ് ഓയിൽ എന്നിവയുടെ വില വർധന, കഴിഞ്ഞവർഷം ലോക്ഡൗണിനെത്തുടർന്ന് മൊത്തവില സൂചികാ പണപ്പെരുപ്പം താഴുനിന്നത് തുടങ്ങിയവയെല്ലാം ഇപ്പോഴത്തെ ഉയർന്ന നിരക്കിന് കാരണമായിട്ടുണ്ട്. 2020 ജൂണിൽ മൊത്തവില പണപ്പെരുപ്പം 1.81 ശതമാനമായിരുന്നു.

## സഹകരണം സംസ്ഥാനവിഷയമാണെന്ന് കേന്ദ്രത്തോട് സുപീം കോടതി

സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട നിയമനിർമാണം നടത്താൻ കേന്ദ്രത്തിന് അധികാരമില്ലെന്ന് കേന്ദ്രത്തോട് സുപ്രീംകോടതി . സഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട് 2012ൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന ഭരണഘടനാഭേദഗതിയുടെ ഒരുഭാഗം ഗുജറാത്ത് ഹൈക്കോടതി റദ്ദാക്കിയിരുന്നു . 2013 - ലെ ആ വിധിക്കെതിരേ കേന്ദ്രം നൽകിയ അപ്പീലാണ് സുപ്രീംകോടതി തീർപ്പാക്കിയത് .



സുപ്രീം കോടതി.

അന്തഃസം സ്ഥാനസഹകരണസംഘം, കേന്ദ്രഭരണ പ്രദേശത്തെ സഹകരണസംഘങ്ങൾ എന്നിവയിൽ മാത്രമേ കേന്ദ്രത്തിന് നിയമനിർമാണം നടത്താനാകൂവെന്നും മറ്റുള്ളവ സംസ്ഥാന വിഷയമാണെന്നും സുപ്രീംകോടതി വ്യക്തമാക്കി. സഹകരണത്തിന് കേന്ദ്ര സർക്കാർ പ്രത്യേക മന്ത്രാലയമുണ്ടാക്കുകയും കേരള മുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ അതിനെ എതിർക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ വിധി പ്രസക്തമാണ്. സഹകരണം സംസ്ഥാനവിഷയമാണെന്ന് വ്യക്തമാക്കിയ ഹൈക്കോടതി, ഭരണഘടനാ ഭേദഗതിയിലൂടെ കൊണ്ടുവന്ന പാർട്ട് 2 ബി പൂർണമായും റദ്ദാക്കിയിരുന്നു . എന്നാൽ , ഇതിൽ അന്തർസംസ്ഥാന ( മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങൾ) , കേന്ദ്രഭരണ പ്രദേശത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിലനിൽക്കുമെന്ന് സുപ്രിംകോടതിയുടെ മൂന്നംഗ ബെഞ്ച് ഭൂരിപക്ഷ വിധിയിൽ വ്യക്തമാക്കി. അതായത് ഒരു സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ കാര്യത്തിൽ കേന്ദ്രം ഇടപെടൽ പൂർണമായും ഒഴിവാക്കണമെന്നും അപ്പീൽ തള്ളുന്നതായും ജസ്റ്റിസ് ആർ.എഫ്.നരിമാൻ, ജസ്റ്റിസ് ബി.ആർ. ഗവായ് എന്നിവരാണ് ഭൂരിപക്ഷ വിധിയെഴുതിയത്. എന്നാൽ , 97-ാം ഭരണഘടനാ ഭേദഗതി പൂർണ്ണമായും റദ്ദാക്കണമെന്നും അപ്പീൽ തള്ളുന്നതായും ജസ്റ്റിസ് കെ.എം. ജോസഫ് ഭിന്നവിധിയിൽ വ്യക്തമാക്കി .



# ആർ.ബി.ഐ 20,000 കോടി രൂപയുടെ കടപ്പത്രങ്ങൾ വാങ്ങുന്നു

**ആർ ബി ഐ 20,000 കോടിയുടെ കടപ്പത്രങ്ങൾ വാങ്ങുന്നു മുംബൈ 20,000 കോടി രൂപ യുടെ കടുയങ്ങൾ വാങ്ങാൻ റിസർവ് ബാങ്ക്. ജി - സാപ് 2.0 പദ്ധതി പ്രകാരം വ്യാഴാഴ്ചയാണ് കടപ്പത്രങ്ങൾ വാങ്ങുക. വിപണിക്ക് പിന്തുണ നൽകാനായി ജി - സാപ് 2.0 പദ്ധതി പ്രകാരം ജൂലായ്- സെപ്റ്റംബർ കാലത്ത് 1.2 ലക്ഷം കോടി രൂ പയുടെ കടപ്പത്രങ്ങൾ വാങ്ങുമെന്നാണ് ഗവർണർ ശക്തി കാന്ത ദാസ് നേരത്തെ അറിയിച്ചിട്ടുള്ളത്. റിപ്പോ നിരക്കായ നാല് ശതമാനത്തിൽ ആർ.ബി.ഐ. പണം ലഭ്യമാക്കും.**




## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം

## ഭരണ സമിതി യോഗം

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ** 2021 ജൂലായ് മാസത്തിലെ ഭരണ സമിതി യോഗം 9 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് ശ്രീ എം.ജി. രാഘവ ന്റെ അദ്ധ്യക്ഷതയിൽ നടന്നു.



ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ

താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1. എം.ജി.രാഘവൻ
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എൻ.സി.മാത്യു
4. സി.പി.മാത്യു
5. വി.കെ.പ്രഭാകരൻ
6. പി.ഉണ്ണിക്കുഞ്ഞ്
7. കെ.എൻ.വിശ്വനാഥൻ നായർ
8. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
9. **ശ്രീ.പി.എം. ജേക്കബ്ബ്**

വൈസ് പ്രസിഡന്റ് ശ്രീ.സി.പി.മാത്യൂ സ്വാഗതം ആശംസിച്ചു.



**വൈസ് പ്രസിഡന്റ് ശ്രീ.സി.പി.മാത്യൂ**

**സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് യോഗത്തിൽ അവതരിപ്പിച്ചു. തുടർന്ന്, ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി 2021 ജൂൺ 30 വരെയുള്ള കണക്കുകൾ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.**

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ് 2021ജൂലായ് 9–ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളാ യവരുടെ പേരു വിവരം ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്സ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25,000 രൂപായുടെ കുറി – വട്ടമെത്തി**
2. **25,000 രൂപായുടെ കുറി – വട്ടമെത്തി**
3. **50,000 രൂപായുടെ കുറി – വട്ടമെത്തി**
4. **100,000 രൂപായുടെ കുറി – വട്ടമെത്തി**
5. **100,000 രൂപായുടെ കുറി – വട്ടമെത്തി**
6. **100,000 രൂപായുടെ കുറി –(128) ജയ ജേക്കബ്ബ്**
7. 100,000 രൂപായുടെ കുറി –(164) **ശ്രീ. എൻ.സി.മാത്യൂ**
8. 100,000 രൂപായുടെ കുറി –**(189) ശ്രീ.ജോൺ.വി.ചെറിയാൻ**
9. **25000 രൂപായുടെ കുറി – (222) ജിം ജോയി**
10. **100,000 രൂപായുടെ കുറി – (227) കോമളകുമാരി. സി.എൻ**

## ‘സി’ ക്ലാസ്സ് അംഗത്വമെടുത്തവർ

1. **റമീസ് അൻസാരി, രഹ്നാസ് അതിരമ്പുഴ**
2. **ജാസ്മിൻ ബീഗം , ആഷിയാന, അടിച്ചിറ, തെള്ളകം**
3. **ജൈനമ്മ സ്കറിയ, കൊച്ചാഞ്ഞിലിത്തറ, മരിയാത്തുരുത്ത്**
4. **ലെയ്സാമ്മ ജോസഫ്. ആലുങ്കൽ, ലൂർദ് നഗർ, മാമ്മൂട്**
5. **ആനിയമ്മ.എം.എ., നീരാക്കൽ, ഇരവിമംഗലം, മുട്ടുചിറ**

നറുക്ക് ലഭിച്ചവർക്ക് 2021 ഓഗസ്റ്റ് മാസം 13-ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 12-ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. **ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ** വിളിക്കുക. 9446322416



**അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ**

**ഓസ്ട്രേലിയായിൽ നിന്നും ഓൺലൈനിൽ പങ്കെടുത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ സംസാരിക്കുകയും** നന്ദി പ്രകാശിപ്പി**ക്കുകയും ചെയ്തു.** യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.

## . 11-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു

**100000 രൂപ സല വരുന്ന 25 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. കൊവിഡ് മഹാമാരിയോടനുബന്ധിച്ച് വന്ന സർക്കാർ നിയന്ത്രണങ്ങൾ മൂലം പുതിയ അംഗങ്ങളെ ചേർത്ത് ഈ ജി.ഡി.സി.എസ് . പൂർത്തിയാക്കാൻ ഓരോ ഡയറക്ടർ ബോർഡ് അംഗവും ഒരാളെയെങ്കിലും ബന്ധപ്പെട്ട് ജി.ഡി.സി.എസിൽ ചേർക്കുവാൻ തീരുമാനിച്ചതു പ്രകാരം ആവശ്യത്തിന് അംഗങ്ങളുടെ സന്നദ്ധത ലഭിച്ചു കഴിഞ്ഞു. ഏതാനും എസ്.ഐ.കൂടി ലഭിക്കേണ്ടതുള്ളത് കിട്ടുന്ന മുറയ്ക്ക് ജി.ഡി.സി.എസ്. ആഗസ്റ്റ് മാസത്തിൽത്തന്നെ ആരംഭിക്കും.**

# റിട്ടയർ ചെയ്യുന്നവർക്കായി വാട്ട്സാപ്പ് ഗ്രൂപ്പ്

ബാങ്കിലെ ഔദ്യോഗിക പദവിയിൽ നിന്നും വിരമിക്കുന്നതിനുള്ള ദിനങ്ങൾ അടുത്തു തുടങ്ങി, അടുത്ത രണ്ട് മാസങ്ങളിലായി 121 പേർ റിട്ടയർ ചെയ്യുന്നുണ്ട് . അവരെ എല്ലാവരെയും "UNITED WE MOVE " എന്ന വാട്ട്സാപ്പ് ഗ്രൂപ്പിൽ ചേർത്തിരിക്കുകയാണ്. റിട്ടയർമെന്റിനു ശേഷം ചെയ്യേണ്ട കാര്യങ്ങൾ, അറിഞ്ഞിരിക്കേണ്ട ചില വസ്തുതകൾ ഇവയൊക്കെയാണ് ഈ വാട്ട്സാപ്പ് ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നത് .

സാധരണ നടത്താറുള്ള പ്രീ റിട്ടയർമെന്റ് കൗൺസിലിംഗ് സെഷൻസ് ഇപ്പോൾ ബാങ്ക് നടത്താറില്ല. ഈ പശ്ചാത്തലത്തിലാണ് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ, (കേരള) നമ്മുടെ ബാങ്കിൽ നിന്ന് വിരമിക്കുന്നവരെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ കോർത്തിണക്കിയിട്ടുള്ളത്. ഇതിന്റെ പ്രധാന ഉദ്ദേശം പൊതുവായി ബാധിക്കുന്ന *വിഷയങ്ങൾ ചർച്ച ചെയ്യുക, സംശയങ്ങൾ ദുരീകരിക്കുക എന്നിവയാണ്.

ഈ പ്രോഗ്രാമിന്റെ കോർഡിനേറ്റർസ്
**ശ്രീ ജോസഫ് പാലയ്ക്കൻ DGS**
**ശ്രീ മാത്യു അടയ്ക്കമുണ്ടയ്ക്കൽ DGS**
ഇവരെ കൂടാതെ സംഘടനയുടെ മറ്റ് സംസ്ഥാന നേതാക്കൻമാരുടെയും മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടാകും . ബാങ്കിന്റെ ബഹുമാന്യരായ താഴെപറയുന്ന സീനിയർ ഉദ്യോഗസ്ഥരും നമുക്ക് പ്രോത്സാഹനം നൽകി സഹകരിക്കുന്നുണ്ട്

| | |
|---|---|
| Shri Harinarayanan , | AGM HR LHO Tvm |
| Shri Saseendran Pillai, | AGM PPG LHO Tvm |
| Smt Jennifer Kenneth, | AGM PPG LHO TVM |
| Shri Ranjith , | CM HR LHO Tvm |
| Shri Narayanan RS, | CM PPG LHO Tvm |
| Smt Beena Zacharias, | CM PPG LHO Tvm |
| Shri Jeevan Prakash, | DM HR LHO Tvm & |
| Sri Padmajan, | Director SBILD Kochi |

**സംഘടനയിൽ ചേർന്നവർ അതാത് ജില്ല സെക്രട്ടറിമാരുമായി ബന്ധപ്പെടണം. വാട്ട്സാപ്പ് ഗ്രൂപ്പിൽ ചേർക്കാൻ ആവശ്യപ്പെടണം . ജില്ല സെക്രട്ടറിമാരുടെ പേരും മൊബൈൽ നമ്പരുകളും താഴെക്കൊടുക്കുന്നു.**

## ജില്ല സെക്രട്ടറിമാർ

1) ആലപ്പുഴ
ശ്രീ ജയപ്രകാശ് എ.ജി. 9446119215
2) എറണാകുളം
ശ്രീ രാജഗോപാൽ സി ജി. 9495041379
3) ഇടുക്കി
ശ്രീ പി എം ജോർജ്. 9746586500
4) കണ്ണൂർ
ശ്രീ നാരായണൻ കെ. കെ. 8594055507
5) കാസറഗോഡ്
ശ്രീ എം വിജയൻ 9446235772
6) കൊല്ലം
ശ്രീ റ്റി സി പുരുഷോത്തമൻ പിള്ള 9495569212
7) കോട്ടയം
ശ്രീ പി എം ജേക്കബ് 9446122245
8) കോഴിക്കോട്
ശ്രീ എം രാജഗോപാൽ 9446329850
9) മലപ്പുറം
ശ്രീ പി നാരായണൻ 9496459277
10) പാലക്കാട്
രാധാകൃഷ്ണൻ പുല്ലഞ്ചേരി 9496545375
11) പത്തനംതിട്ട
ശ്രീ പി ഐ മാത്യു 9447572792
12) തിരുവനന്തപുരം
ശ്രീ വി എൽ ജോസഫ് 9447582801

13) തൃശ്ശൂർ
ശ്രീ ചിദംബരൻ വി ജി 9446338582
14) വയനാട്
ശ്രീ എൻ സത്യൻ 9446253669

### അതാത് ഡെപ്യൂട്ടി ജനറൽ സെക്രട്ടറികളുടെ മൊബൈൽ നമ്പരുകളും താഴെ കൊടുക്കുന്നു

1)കണ്ണൂർ
ശ്രീ ജോസ് മെർസിലിൻ 9446041769
2)കൊല്ലം
ശ്രീ ഗണപതികൃഷ്ണൻ 9446038371
3)ത്രിശ്ശൂർ
ശ്രീ ബാലകൃഷ്ണൻ റ്റി റ്റി 9447319238
4)തിരുവനന്തപുരം
ശ്രീ. എം.സുബ്രഹ്മണ്യ ഐെയ്യർ: **9447216611**
5)എറണാകുളം
ശ്രീ ജോസഫ് പാലയ്ക്കൻ 9447048602
6)കോട്ടയം :ശ്രീ മാത്യു അടയ്ക്കമുണ്ടയ്ക്കൽ: 9446046899

## 2021 ജൂലായ് മാസം വിരമിക്കുന്നവരോട്



എ. ജയകുമാർ ജനറൽ സെക്രട്ടറി
എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ

ജൂലൈ ,ഓഗസ്റ്റ് മാസങ്ങളിൽ എസ് ബി ഐ ഇൽ നിന്ന് വിരമിക്കുന്നവർ ഒരുമിച്ച് UNITED WE MOVE എന്ന വാട്ട്സാപ്പ് ഗ്രൂപ്പിൽ അണിനിരന്നിരിക്കുകയാണ് .പരസ്പരം അറിവുകൾ പങ്കുവെച്ചും അനുഭവങ്ങൾ രേഖപ്പെടുത്തിയും വിരമിക്കൽ പ്ലാൻ ചെയ്യാം റിട്ടയർമെന്റുമായി ബന്ധപ്പെട്ടു കൃത്യമായ തയാറെടുപ്പുകൾ നടത്താൻ ഈ ഗ്രൂപ്പിൽ കിട്ടുന്ന നിർദ്ദേശങ്ങൾ സഹായകമാകും . സർവീസിൽ ഉള്ളപ്പോൾ പെൻഷൻ സംബന്ധമായ വിഷയങ്ങൾ ഓർക്കാറില്ല , എത്ര പെൻഷൻ കിട്ടുമെന്നോ എങ്ങനെ പെൻഷൻ കണക്കാക്കുന്നു എന്നതിനെപ്പറ്റി ചിന്തിക്കുന്നത് റിട്ടയർമെന്റ് അടുക്കുമ്പോൾ ആണ്, പലർക്കും ഉണ്ടാകുന്ന ഒരു സംശയമാണ് കമ്മ്യൂട്ടെഷൻ എടുക്കണോ വേണ്ടയോ എന്നുള്ളത് , അത് പോലെ ഏത് മെഡിക്കൽ ഇൻഷുറൻസ് സ്കീമിൽ ചേരണം എന്നിങ്ങനെ ഒരുപാട് ചോദ്യങ്ങൾ ഉയരുമ്പോൾ സീനിയർസിന്റെ ഉപദേശങ്ങൾ വലിയ ഒരു ആശ്വാസം ആകും .ഇവിടെയാണ് ഈ കൂട്ടായ്മ്യുടെ പ്രസക്തി . പോസ്റ്റുകൾ വായിക്കാൻ ഇനിയുള്ള ദിവസങ്ങളിൽ കുറച്ചു സമയം മാറ്റിവച്ചാൽ മാത്രമേ പരമാവധി പ്രയോജനം ലഭിയ്ക്കുകയുള്ളൂ . നമുക്കൊരുമിച്ച് നില്ക്കാം. സ്വാഗതം! എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.




## ഡോ.പി.കെ.ജയശ്രീ
## കോട്ടയം ജില്ലാ കളക്ടർ



ഡോ.പി.കെ.ജയശ്രീ

നമ്മുടെ സംഘടനയിലെ കാസർഗോഡ് ജില്ല മെമ്പറും എസ് ബി ഐ ഓഫീസേഴ്സ് അസോസിയേഷൻ മുൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയും ആയിരുന്ന ശ്രീ. പി വി രവീന്ദ്രൻ നായരുടെ ഭാര്യയും നമ്മുടെ അസ്സോസിയേറ്റ് ഫാമിലി മെമ്പറും ആയ ഡോ.പി.കെ.ജയശ്രീയാണ് കോട്ടയം ജില്ലയുടെ **പുതിയ** കളക്ടർ. ഇപ്പോൾ പഞ്ചായത്ത് ഡയറക്ടർ ആയിരുന്നു. കൃഷി , ഹയർ സെക്കൻഡറി വകുപ്പുകളിൽ ഡയറക്ടറായിരുന്നു. കേരള ബാങ്ക് രൂപീകരണ വേളയിൽ സഹകരണ റജിസ്ട്രാറാ യിരുന്നു.

വൈക്കം ഉദയനാപുരം പുഴക്കര കുടുംബാംഗമാണ്. എസ്.എസ്.എൽ.സി എട്ടാം റാങ്ക് നേടിയ ജയശ്രീ തൃശൂർ കാർഷിക സർവകലാശാലയിൽ നിന്ന് അഗ്രോണമിയിൽ ഡോക്ടറേറ്റ് നേടി. കാർഷിക സർവകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസ്സറായിരുന്നു. തൃശൂർ , തിരുവല്ല, കാഞ്ഞങ്ങാട് എന്നിവടങ്ങളിൽ ആർ.ഡി.ഒ ആയി പ്രവർത്തിച്ചു. എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല സെന്ററിന്റെ ആശംസകൾ!!




**2021 ജൂലായ് മാസം 12 ന് കോട്ടയം ജില്ലയുടെ പുതിയ കളക്ടർ ആയി ചാർജ് എടുക്കുന്ന ഡോ.ജയശ്രീ**

**ആശംസകൾ!**

. **ഒരായിരം**

എസ് ബി ഐ പെൻഷt\ഴ്സ് അസോസിയേഷൻ കാസർഗോഡ് ജില്ലയി ലെ എല്ലാ അംഗങ്ങളുടെയും അഭിനന്ദനങ്ങളും ഹൃദയം നിറഞ്ഞ ഒരായിരം ആശംസകളും നേരുന്നു!

സെക്രട്ടറി



എം.വിജയൻ
കാസർഗോഡ് ജില്ല

## +2 പരീക്ഷയിൽ 1200 ൽ 1200 മാർക്കും നേടി കുമാരി. എമി എലിസബത്ത് സൈജു

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ല കേന്ദ്രം മെംബർ കെ.സി.ബാബുവിന്റേയും ശോശാമ്മ ബാബു വിന്റേയും ചെറുമകൾ കുമാരി. എമി എലിസബത്ത് സൈജു ഹയർ സെകൻഡറി +2 പരീക്ഷയിൽ 1200 ൽ 1200 മാർക്കും നേടി അഭിമാനകരമായ വിജയം കൈവ രിച്ചിരിക്കുന്നു! ഈ കൊച്ചു മിടുക്കിയ്ക്ക് അഭിനന്ദന ത്തിന്റെ

പൂച്ചെണ്ടുകൾ!!!



**കുമാരി. എമി എലിസബത്ത് സൈജു**

## . ശ്രീ. സുബോദ് കുമാർ ജയ്സ്വാൾ പുതിയ സിബിഐ ഡയറക്ടർ

പുതിയ സിബിഐ ഡയറക്ടറായി ജയ്സ്വാൾ. സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന്റെ (സിബിഐ) പുതിയ ഡയറക്ടറായി സുബോദ് കുമാർ ജയ്സ്വാളിനെ നിയമിക്കാൻ തീരുമാനിച്ചു.



ശ്രീ. സുബോദ് കുമാർ ജയ്സ്വാൾ

പ്രധാനമന്ത്രി നരേന്ദ്ര മോദി, ചീഫ് ജസ്റ്റിസ് എൻ.വി റാം, പ്രതിപക്ഷ നേതാവ് ആദിർ രഞ്ജൻ ചൗധരി എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റി തിങ്കളാഴ്ച ജെയിനെ ഷോർട്ട്ലിസ്റ്റ് ചെയ്തിരുന്നു. , ഐപിഎസ് ഉദ്യോഗസ്ഥനും കേന്ദ്ര വ്യവസായ സുരക്ഷാ സേനയുടെ (സിഐഎസ്എഫ്) മേധാവിയുമായ ജയ്സ്വാൾ രണ്ട് വർഷത്തെ കാലത്തേക്ക് സിബിഐയുടെ മേധാവിയായി നിയമിതനായി. 1985 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനായ മഹാരാഷ്ട്ര കേഡറാണ് അദ്ദേഹം. മുംബൈ പോലീസ് കമ്മീഷണർ, മഹാരാഷ്ട്ര ഡയറക്ടർ പോലീസ് (ഡിജിപി) എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഇന്റെലിജൻസ് ബ്യൂറോ, റോ എന്നിവയിലും സേവന മനുഷ്ഠിച്ചിട്ടുണ്ട്.

# നർമ്മ വീഥി










# കൗതുക വാർത്തകൾ



A rare photo of Jayalalita and our present Finance Minister Nirmala Sitharaman

## ലോകത്തിലെ ഏറ്റവും ഉയരമുള്ള വാഴയിനം മൂസ ഇൻജൻസ്



ലോകത്തിലെ ഏറ്റവും ഉയരമുള്ള വാഴയിനം മൂസ ഇൻജൻസ്. ഇൻഡോനേഷ്യയിലും പാപ്പ ന്യൂ

ഗിനിയായിലും കാണപ്പെടുന്നു. ഉയരം 50 അടി, ഇലയുടെ നീളം 12 മുതൽ 16 അടി വരെ, കുലകൾക്ക് 60 കിലോ വരെ ഭാരം, ഒരു കുലയിൽ മുന്നൂറോളം കായകൾ, ഓരോ പഴത്തിനും 18 സെ.മീ. വരെ നീളം!



മൂസ ഇൻജൻസ്

# വായനക്കാർ എഴുതുന്നു



ആക്ഷേപങ്ങളും അഭിപ്രായങ്ങളും

സർ,

The Reserve Bank of India's website has no recent posts about 1,00,000 rupee coin denominations. The information available on the RBI website reveals that ₹10 coin is the highest denomination coin printed and is in circulation in India since its introduction in 2005. India Government Mint had introduced coins of denominations ₹100, ₹150, ₹350 to commemorate various occasions, and these coins are called Commemorative Coins. These coins come under Non-Circulating Legal Tender (NCLT) and are issued by the Government of India Mint. Therefore it is clear that there is no 1,00,000 rupee coin neither in circulation nor as Commemorative.!



ടോമി ഇഗ്നേഷ്യസ്

ഈ വിവരം നമ്മുടെ അംഗം ടോംസ് ജോസഫ് മുഖേന റിസർവ് ബാങ്കുമായി ഇടപെട്ട് അന്വേഷി ച്ചതിൽ ആധികാരികമായി ലഭിച്ച മറുപടി ഇതൊരു വ്യാജ വാർത്തയാണെന്ന് തന്നെയാണ്. ഇത് പ്രസിദ്ധീകരിക്കാനിടയായതിൽ നിർവ്യാജം ഖേദിക്കുന്നു.

## തിരുത്ത്

കഴിഞ്ഞ ലക്കത്തിൽ കൊടുത്തിരുന്ന ചരമക്കുറിപ്പിൽ ശ്രീ സുരേന്ദ്രനാഥ് ഭാസിന്റെ മരുമകൾ ശ്രീമതി.ദീപ എന്ന് ഹെഡിംഗിലും വർത്തയിൽ മകൾ എന്നും ചേർത്തിരുന്നത് മരുമകൾ എന്ന് തിരുത്തി വായിക്കുവാൻ അഭ്യർത്ഥിക്കുന്നു. മകൾ എന്ന് തെറ്റായി കൊടുത്തിരുന്നതിൽ ഖേദിക്കുന്നു.

### ശ്രീ സുരേന്ദ്രനാഥ് ഭാസിന്റെ മരുമകൾ ശ്രീമതി.ദീപ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗവും തിരുവനന്തപുരം ഏരിയാ ഡെ. ജനറൽ സെക്രട്ടറിയുമായിരുന്ന ഊറ്റുകുഴി ഫൂച്ചർ സെന്റർ 6 എ 3 മീനാക്ഷിയിൽ ശ്രീ സുരേന്ദ്രനാഥ് ഭാസിന്റെ മരുമകൾ ശ്രീമതി,ദീപ (38) ചെന്നൈയിൽ ഹോസ്പിറ്റലിൽ കോവിഡ് ബാധിച്ച് ചികിത്സയിലിരിക്കവെ ആകസ്മികമായി നിര്യാതയായ വിവരം അഗാധമായ ദുഖത്തോടെ, ഖേദപൂർവ്വം അറിയിക്കുന്നു.

ഇൻഷുറൻസ് സെമിനാറുകളുടെ തിയതികളും തിരുത്തി വായിക്കുവാൻ അപേക്ഷ. സംസ്ഥാനതല യോഗം ജൂൺ 1-ാം തിയതിയും കോട്ടയം യോഗം 2-ാം തിയതിയുമായിരുന്നു. ഓരേ തിയതി തെറ്റായി കൊടുത്തതിൽ ഖേദിക്കുന്നു.






# യാത്രയയപ്പ്

## ലോക്കൽ ഹെഡ് ഓഫീസിൽ നിന്നും മേയ് 31ന് വിരമിച്ച ഡി.ജ്യോതിഷ് കുമാർ



എസ്ബിഐ തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ നിന്നും സമർപ്പിത സേവനത്തിന് ശേഷം മാനേജറായി വിരമിച്ച ശ്രീ. ഡി.ജ്യോതിഷ് കുമാർ

# വിരമിക്കുന്നവർ

എല്ലാവരുടേയും ഫോട്ടോകൾ സമാഹരിക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. ലഭ്യമായവ ഇതോടൊപ്പം ചേർക്കുന്നു.

## ശ്രീ.ശശികുമാർ.കെ.



ശ്രീ.ശശി കുമാർ.കെ.

സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ കോഴിക്കോട് എസ്.എം.ഇ. സെന്ററിൽ നിന്നും ഡെപ്യൂട്ടി മാനേജറായി വിരമിക്കുന്ന ശ്രീ.ശശി കുമാർ.കെ.. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. യാത്രാമംഗളങ്ങൾ!! എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീമതി. ജൂലിയറ്റ് പോൾ.പി.



ജൂലിയറ്റ് പോൾ .പി.

ശ്രീമതി. ജൂലിയറ്റ് പോൾ.പി., എറണാകുളം പേഴ്സണൽ ബാങ്കിംഗ് ശാഖയിൽ നിന്നും ചീഫ്

അസോസിയേറ്റായി സമർപ്പിത സേവനത്തിന് ശേഷം 2021 ജൂലായ് 31 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. സമാധാനവും സന്തോഷവും സമ്പൽസമൃദ്ധിയും, ദീർഘായുസ്സും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ഹൃദ്യമായി ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീ.റ്റി.വി.രാജാമണി



ശ്രീ.റ്റി.വി.രാജാമണി

ശ്രീ.റ്റി.വി.രാജാമണി സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ ചിറ്റൂർ റോഡ് ശാഖയിൽനിന്നും 38 വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം ചീഫ് അസോസിയേറ്റായി 2021 ജൂലായ് 31 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. യാത്രാമംഗളങ്ങൾ!!

## ശ്രീ.പി.എം.കുഞ്ഞുമോൻ



ശ്രീ.പി.എം.കുഞ്ഞുമോൻ കൂത്താട്ടുകുളം ശാഖയിൽ നിന്നും ഹെഡ് ആംഡ് ഗാർഡായി മികച്ച സേവനത്തിന് ശേഷം 2021 ജൂലായ് 31 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. യാത്രാമംഗളങ്ങൾ!!

## ശ്രീ രാജീവ്.കെ.



ശ്രീ.രാജീവ്.കെ.

എസ്ബിഐ തിരുവനന്തപുരം സി.സി.പി. സെന്ററിൽ കളങ്കമില്ലാത്ത 38 വർഷത്തെ സേവനം പൂർത്തിയാക്കി ശ്രീ.രാജീവ്.കെ. ചീഫ് അസോസിയേറ്റായി 31.07.2021 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. യാത്രാമംഗളങ്ങൾ!!

## ശ്രീമതി.ജയന്തി



ശ്രീമതി.ജയന്തി

ശ്രീമതി.ജയന്തി എൻ.എ.സി. ശാഖയിൽ ചീഫ് അസോസിയേറ്റായി സമർപ്പിത സേവനത്തിന് ശേഷം 31.07.2021 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു.. പ്രാർത്ഥനയോടും അനുഗ്രഹത്തോടും കൂടി യാത്രാമംഗളങ്ങൾ ആശംസിക്കുന്നു.!!

# ശ്രീമതി.ശ്രീദേവി.റ്റി.ഡി



ശ്രീദേവി.റ്റി.ഡി

ശ്രദ്ധേയമായ, 36 വർഷത്തെ സമർപ്പിതവും മികവുറ്റതുമായ സേവനത്തിന് ശേഷം തൃപ്പൂണിത്തുറ വടക്കേകോട്ട ശഖയിൽനിന്നും ചീഫ് അസോസിയേറ്റായി വിരമിക്കുന്ന ശ്രീമതി. ശ്രീദേവി.റ്റി.ഡി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. യാത്രാ മംഗളങ്ങൾ!!

# ശ്രീ.വി.ഗോപാലകൃഷ്ണ പിള്ള



ശ്രീ.വി.ഗോപാലകൃഷ്ണ പിള്ള

കറ്റാനം ശഖയിൽ സർവീസ് മാനേജരായി ശ്രീ.വി.ഗോപാലകൃഷ്ണ പിള്ള 2021 ജൂലായ് 31 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു അദ്ദേഹത്തിന് യാത്രാമംഗളങ്ങൾ!!

# ശ്രീ.വി.രാജഗോപാലൻ



ആലപ്പുഴ റീജിയണൽ ബിസിനസ്സ് ഓഫിസ്സിലെ മാനേജർ(എച്ച്.ആർ.)ആയിരുന്ന ശ്രീ.വി.രാജഗോപാലൻ 31.07.2021–ാം തിയതി ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. അദ്ദേഹത്തിന് ആയുരാരോഗ്യ സൗഖ്യവും സമാധാനപൂർണ്ണമായ റിട്ടയർമെന്റ് ജീവിതവും ആശംസിക്കുന്നു. സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. യാത്രാമംഗളങ്ങൾ!!

# ശ്രീ.ഇ.ഐ.ബെന്നി



മൂവാറ്റുപുഴ വാഴക്കുളം ശഖയിൽ കാഷ് ഓഫിസ്സർ ആയ ശ്രീ.ഇ.ഐ. ബെന്നി സാർത്ഥകമായ സവനത്തിനു ശേഷം ബാങ്കിംഗ് സർവ്വീസിൽ നിന്നും വിരമിക്കുകയാണ് . അദ്ദേഹത്തിന് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം

ആശംസിക്കുന്നു എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീമതി.മറിയാമ്മ ജോൺ



ശ്രീമതി.മറിയാമ്മ ജോൺ

കല്ലൂപ്പാറ ശഖയിൽ ശാഖയിൽ നിന്നും ഡെപ്യൂട്ടി മാനേജറായി വിരമിക്കുന്ന ശ്രീമതി.മറിയാമ്മ ജോൺ. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു

## ശ്രീമതി.ആർ.മീര



ശ്രീമതി. ആർ.മീര

എസ്ബിഐ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ചീഫ് അസോസിയേറ്റ് ആയ ശ്രീമതി.ആർ.മീര മികച്ച സേവനം പൂർത്തിയാക്കി 2021 ജൂലായ് 31 ന് ബാങ്കിന്റെ സേവനത്തിൽ നിന്ന് വിരമിക്കുന്നു.. അവർക്ക് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു .

## രാജേശ്വരി വിജയകുമാർ



കോലഴി ശാഖയിൽ നിന്നും മികച്ച സേവനത്തിന് ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് ചീഫ് അസോസിയേറ്റായി, വിരമിച്ച ശ്രീമതി..രാജേശ്വരി വിജയകുമാർ. ആശംസകൾ നേരുന്നു. എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീമതി.ഷീല.വി



ശ്രീമതി.ഷീല.വി.

തിരുവനന്തപുരം എൽ.ഐ.സി. ജംഗ്ഷൻ, പട്ടം ശാഖയിൽ നിന്ന് ചീഫ് അസോസിയേറ്റ് ആയി ബാങ്ക് സർവീസിൽ നിന്ന് വിരമിച്ച ശ്രീമതി.ഷീല.വി.
.ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

# ആനന്ദൻ.വി.ആർ.



ആനന്ദൻ.വി.ആർ.

എറണാകുളം സി.സി.പി. സെന്ററിൽ നിന്ന് 37 വർഷം 1 മാസം സർവീസ് പൂർത്തിയാക്കി ഡെപ്യൂട്ടി മാനേജരായി വിരമിക്കുന്ന ശ്രീ.ആനന്ദൻ.വി.ആർ. അദ്ദേഹത്തിന് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# മേഴ്സി.കെ.സി.



സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തോട്ടയ്ക്കാട്ടുകര ശാഖയിൽ നിന്നും മികച്ച സേവനത്തിന് ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് ചീഫ് അസോസിയേറ്റായി വിരമിച്ച ശ്രീമതി..മേഴ്സി. കെ. സി. അവർക്ക് ആരോഗ്യവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു .

# യോഹന്നാൻ ജോയി



യോഹന്നാൻ ജോയി

എസ്ബിഐ ചെന്നിത്തല, ആലപ്പുഴ ശാഖയിൽ നിന്ന് 41 വർഷം സർവീസ് പൂർത്തിയാക്കി സ്പെഷ്യൽ റെക്കോർഡ് കീപ്പർ ആയി വിരമിക്കുന്ന ശ്രീ.യോഹന്നാൻ ജോയി. അദ്ദേഹത്തിന് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ശ്രീ. ശങ്കർ റാം.എസ്.



ശ്രീ. ശങ്കർ റാം.എസ്.

എസ്.ബി.ഐ.ഗുരുവായൂർ/കുന്നംകുളം റാസ്മെക്കിൽ നിന്നും 37 വർഷം 8 മാസം സർവീസ് പൂർത്തിയാക്കി മാനേജരായി റിട്ടയർ ചെയ്യുന്ന ശ്രീ. ശങ്കർ റാം.എസ്. സംഘടനയിലേയ്ക്ക് സ്വാഗതം! ശാന്ത സുന്ദരമായ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു സംഘടനയിലേയ്ക്ക് സ്വാഗതം!

## ശ്രീമതി.ട്രീസാ ജേക്കബ്ബ്



ശ്രീമതി.ട്രീസാ ജേക്കബ്ബ്

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. കൈനാട്ടി ശാഖയിൽ നിന്നും മികച്ച സേവനത്തിന് ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് കാഷ് ഓഫീസറായി വിരമിച്ച ശ്രീമതി.ട്രീസാ ജേക്കബ്ബ്. അവർക്ക് ആരോഗ്യവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു .

## ശ്രീ. രജിത് കുമാർ ലക്ഷ്മണൻ



കോഴിക്കോട് റീജിയണൽ ബിസ്സിനസ് ഓഫീസ്–1ൽ നിന്നും 36 വർഷം 9 മാസം സർവീസ് പൂർത്തിയാക്കി ചീഫ് മാനേജരായി വിരമിക്കുന്ന ശ്രീ. രജിത് കുമാർ ലക്ഷ്മണൻ. ആരോഗ്യവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു . സംഘടനയിലേയ്ക്ക് സ്വാഗതം!

## ശ്രീ. മോഹനകുമാരൻ നായർ.ജെ.എസ്.



തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ എഫ്.എസ്.എൽ.ഒ.&ഐ.ഒ.ആർ. സെൽ മേധാവി അസി.ജനറൽ മാനേജരായി വിരമിക്കുന്ന ശ്രീ. മോഹനകുമാരൻ നായർ.ജെ.എസ്. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

## ശ്രീ. കെ.ജയപ്രകാശ്



ആലപ്പുഴ റാസ്മെക്കിൽ നിന്നും മാനേജരായി റിട്ടയർ ചെയ്യുന്ന ശ്രീ. കെ.ജയപ്രകാശ്. എല്ലാ ഭാവുകങ്ങളും നേരുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ആർ.ശശികുമാർ



ആർ.ശശികമാർ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മാവേലിക്കര റാസ്മെക്കിൽ നിന്നും മാനേജരായി റിട്ടയർ ചെയ്യുന്ന ആർ.ശശി കുമാർ. എല്ലാ ഭാവുകങ്ങളും നേരുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടന യിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## വിനോദിനി കുമാരി.വി.



ശ്രീമതി..വിനോദിനി കുമാരി.വി.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കാർത്തികപ്പള്ളി ശാഖയിൽ നിന്നും മികച്ച സേവനത്തിന് ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് ചീഫ് മാനേജരായി വിരമിച്ച ശ്രീമതി..വിനോദിനി കുമാരി.വി. എല്ലാ ഭാവുകങ്ങളും നേരുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സി യേഷന്റെ ആലപ്പുഴ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ലീനാ എൻ.എസ്



സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. എറണാകുളം എൽ.സി.പി.സി. യിൽ നിന്നും മികച്ച സേവനത്തിന് ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് ചീഫ് മാനേജരായി വിരമിച്ച ശ്രീമതി.. ലീനാ എൻ.എസ്. സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീ.ശ്രീനിവാസൻ.എം.



ശ്രീ.ശ്രീനിവാസൻ.എം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബേപ്പൂർ ശാഖയിൽ നിന്നും 36 വർഷം സർവീസ് പൂർത്തിയാക്കി സീനിയർ ഹെഡ് മെസ്സഞ്ജർ ആയി വിരമിച്ച ശ്രീ. ശ്രീനിവാ സൻ.എം. ആരോഗ്യവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു . എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സി യേഷന്റെ കോഴിക്കോട് ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ആർ.ഗോപാലകൃഷ്ണൻ



കൊച്ചി സ്റ്റേറ്റ് ബാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിംഗ് ആന്റ് ഡെവെലപ്മെന്റിൽ നിന്നും 37 വർഷം ദീർഘിച്ച പ്രഗല്ഭ സേവന ത്തിന് ശേഷം പടിയിറങ്ങുന്ന ശ്രീ ആർ.ഗോപാലകൃ ഷ്ണൻ. അദ്ദേഹത്തിന് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമാ യിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ശ്രീ.സുനിൽ കുമാർ.എസ്.



ശ്രീ.സുനിൽ കുമാർ.എസ്.

തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ മാനേജരായി വിരമിക്കുന്ന ശ്രീ.സുനിൽ കുമാർ.എസ്. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# ശ്രീ.റോളന്റ്.ഇ.ഐ.



ശ്രീ.റോളന്റ്.ഇ.ഐ

കൂവപ്പാടം ശാഖയിൽ നിന്നും മികച്ച സേവനത്തിന് ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് വിരമിക്കുന്ന സ്പെഷ്യൽ അസ്സോസിയേറ്റ് ശ്രീ.റോളന്റ്.ഇ.ഐ. എല്ലാ ഭാവുകങ്ങളും നേരുന്നു. സംഘടനയിലേയ്ക്ക് സ്വാഗതം! യാത്രാമംഗളങ്ങൾ!!

# ജെബ്ബി ജോബ്.പി.



ശ്രീമതി.. ജെബ്ബി ജോബ്.പി.

ചോറ്റാനിക്കര ശാഖയിൽ നിന്നും മികച്ച സേവനത്തിന് ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് വിരമിക്കുന്ന സ്പെഷ്യൽ അസ്സോസിയേറ്റ് ശ്രീമതി.. ജെബ്ബി ജോബ്.പി. ശാന്ത സുന്ദരമായ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു സംഘടനയിലേയ്ക്ക് സ്വാഗതം!

# ശ്രീ.പ്രിയകുമാർ.റ്റി.എസ്.



എസ്.ഇ.റ്റി.എഞ്ചിനീയറിങ്ങ് കോളേജ് പാപ്പനംകോട് ശാഖയിൽ നിന്നും 33 വർഷം സർവീസ് പൂർത്തിയാക്കിയ ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് വിരമിക്കുന്ന ചീഫ് അസ്സോസിയേറ്റ് ശ്രീ.പ്രിയകുമാർ.റ്റി.എസ്. സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# ശ്രീ.നാരായണൻ.വി.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എറണാകുളം എൽ.സി.പി.സി. യിൽ നിന്നും മികച്ച സേവനത്തിന് ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് ചീഫ് മാനേജരായി വിരമിച്ച ശ്രീ.നാരായണൻ.വി.



ശ്രീ.നാരായണൻ.വി.

ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# ശ്രീ.മോഹൻലാൽ.പി.

കറൻസി അഡ്മിനിസ്ട്രേഷൻ സെൽ, കൊല്ലം സെന്ററിൽ നിന്ന് സീനിയർ റെക്കോർഡ് കീപ്പർ കം കാഷ്യർ ആയി സർവീസിൽ നിന്ന് വിരമിക്കുന്ന ശ്രീ.മോഹൻ ലാൽ.പി.



ശ്രീ.മോഹൻ ലാൽ.പി.

# ശ്രീ.തുളസീ നാരായണൻ.ആർ.

തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ നിന്നും ചീഫ് മാനേജരായി 31.08.2021 ന് ബാങ്ക് സർവീസിൽ നിന്ന് വിരമിക്കുന്ന ശ്രീ.തുളസീനാരായണൻ. ആർ



ശ്രീ.തുളസീനാരായണൻ. ആർ

അദ്ദേഹത്തിന് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ശ്രീ.സജി.പി.എസ്

കോട്ടയം കളക്ട്രേറ്റ് ശാഖയിൽ നിന്നും മികച്ച സേവനത്തിന് ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് വിരമിച്ച ശ്രീ.സജി.പി.എസ്.



ശ്രീ.സജി.പി.എസ്

സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കൊട്ടയം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# അൽഫോൻസാ വി.വി.

കോടന്നൂർ ശാഖയിൽ നിന്നും 34 വർഷം 4 മാസം ദീർഘിച്ച സർവീസ് പൂർത്തിയാക്കിയ ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് വിരമിക്കുന്ന സ്പെഷ്യൽ അസ്സോസിയേറ്റ് ശ്രീമതി.. അല്ഫോൻസാ വിവി



ശ്രീമതി.. അൽഫോൻസാ വിവി

സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# ശ്രീമതി.ഉഷ.എസ്.



ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പാപ്പനംകോട് ശാഖയിൽ നിന്നും 37 വർഷം ദീർഘിച്ച സർവീസ് പൂർത്തിയാക്കിയ ശേഷം 31.07.2021 ന് ബാങ്ക് സർവീസിൽ നിന്ന് വിരമിക്കുന്ന ചീഫ് അസ്സോസിയേറ്റ് ശ്രീമതി. ഉഷ.എസ്. എല്ലാ ഭാവുകങ്ങളും നേരുന്നു. സംഘടനയിലേയ്ക്ക് സ്വാഗതം! യാത്രാമംഗളങ്ങൾ!!

# ശ്രീ.മണികണ്ഠൻ നായർ.ഇ.



ശ്രീ.മണികണ്ഠൻ നായർ.ഇ.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പാലക്കാട് ആർ.ബി.ഒ യിൽ നിന്നും ചീഫ് മാനേജരായി വിരമിക്കുന്ന ശ്രീ. മണികണ്ഠൻ നായർ. ഇ. ആരോഗ്യപൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# ശ്രീ.ജോസ് അലക്സാണ്ടർ



തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ നിന്നും ഐ. ഒ.ആർ.. മാനേജരായി 31.08.2021 ന് ബാങ്ക് സർവീസിൽ നിന്ന് വിരമിക്കുന്ന ശ്രീ.ജോസ് അലക്സാണ്ടർ സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# അംബികാദേവി.എം.കെ.



സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അയർക്കുന്നം ശാഖയിൽ നിന്നും 34 വർഷം 4 മാസം ദീർഘിച്ച സർവീസ് പൂർത്തിയാക്കിയ ശേഷം 31.07.2021 ന് സർവീസിൽ നിന്ന് വിരമിക്കുന്ന ശ്രീമതി.അംബികാദേവി.എം.കെ. അസിസ്റ്റന്റ് മാനേജർ (കാഷ്). സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേ ഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# മധുസൂദനൻ.എസ്.



മുവാറ്റുപുഴ കച്ചേരിത്താഴം ശാഖയിൽ നിന്നും സീനിയർ ഹെഡ് ആംഡ് ഗാർഡ് ആയി 31.07.2021 ന് സർവീസിൽ നിന്ന് വിരമിക്കുന്ന മധുസൂദനൻ.എസ്. സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.



എസ്.ഇ.റ്റി.എഞ്ചിനീയറിങ്ങ് കോളേജ് പാപ്പനംകോട് ശാഖയിൽ ശ്രീ.പ്രിയകുമാർ.റ്റി.എസിന് നല്കിയ യാത്രയയപ്പ്







# എറണാകുളത്ത് പെൻഷൻകാർക്ക് കോവിഡിനെതിരെ കുത്തിവയ്പ്പ്



ജൂലൈ 19 തിങ്കളാഴ്ച്ച എറണാകുളത്തെ എസ്ബിഐ അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സുമായി സഹകരിച്ച് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രം മുതിർന്ന പൗരന്മരായ പെൻഷൻകാർക്കായി ഒരു വാക്സിനേഷൻ പ്രോഗ്രാം നടത്തി.. എറണാകുളത്ത് സുചീന്ദ്ര ഹോസ്പിറ്റലുമായി സഹകരിച്ച് ഒരു വാക്സിനേഷൻ പ്രോഗ്രാം നടത്തി പെൻഷൻകാർ / പങ്കാളികൾ / കുടുംബ പെൻഷൻകാർക്ക് സജന്യമായും കുടുംബാംഗങ്ങൾക്ക് തുക നൽകിക്കൊണ്ടും വാക്സിനേഷൻ നൽകി.. അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ക്യാപ്റ്റൻ പ്രേം.ജി.നാഥ്, . എറണാകുളം ജില്ലാ പ്രസിഡന്റ്, ശ്രീ, ജോൺ, സെക്രട്ടറി. ശ്രീ രാജഗോപാൽ, എന്നിവരാണ് പരിപാടി സംഘടിപ്പിക്കുന്നതിനുള്ള പ്രത്യേക സന്നദ്ധ പ്രവർത്തകരുടെ സംഘത്തെ നയിച്ചത്.



ഊഴവും കാത്ത് കൊവിഡ് പ്രൊട്ടോക്കോൾ പാലിച്ച് അംഗങ്ങൾ

ഇത് സാദ്ധ്യമാക്കുന്നതിന് സഹായിച്ച എറണാകുളം അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സ് മേധാവികളെ ക്യാപ്റ്റൻ പ്രേം ജി നാഥ്, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി, നന്ദി അറിയിക്കുന്നു.

# കോവിഡിനെതിരെ കുത്തിവയ്പ്പ് കോട്ടയം കിംസ് ഹോസ്പിറ്റലിൽ

കോട്ടയം എസ്ബിഐ അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സുമായി സഹകരിച്ച് എ.ഒ. പ്രദേശത്തെ മുതിർന്ന എസ്ബിഐ പൗരന്മാരായ പെൻഷൻകാർക്കായി ഒരു കോവിഡ് 19 വാക്സിനേഷൻ പ്രോഗ്രാം ജൂലൈ 23 വെള്ളയിാഴ്ച്ച നടത്തി.. പങ്കാളി, കുടുംബ പെൻഷൻകാർ എന്നിവർക്കുള്ള വാക്സിനേഷൻ സൗജന്യമായി നൽകി.. സർക്കിൾ മാനേജ്മെന്റിനോട് അസോസിയേഷൻ നടത്തിയ അഭ്യർത്ഥനയ്ക്ക് മറുപടിയായി കോട്ടയം കിംസ് ഹോസ്പിറ്റലിൽ എസ്ബിഐ അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സ് ക്യാമ്പ് സംഘടിപ്പിക്കുകയും അത് വിജയകരമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. ചീഫ് മാനേജർ എച്ച്ആർ, ശ്രീ കോശി മാത്യു, ഡെ മാനേജർ എച്ച്ആർ ശ്രീ അജിത്ത് എന്നിവർ ഇത് സാദ്ധ്യമാക്കുന്നതിന് സഹായിച്ചു.

കോട്ടയം ജില്ലയുടെ സമീപവും വിദൂരവുമായ പ്രദേശങ്ങളിൽ നിന്നുള്ള 68 ലധികം പേർ ക്യാമ്പിൽ പങ്കെടുത്തു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ, കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ പി എം ജേക്കബ് എന്നിവരുടെ നേതൃത്വത്തിൽ വളരെ ചിട്ടയോടെയും സംഘടിതമായും വാക്സിനേഷൻ ക്യാമ്പ് ഉച്ചയ്ക്ക് 1.30 ന് ആരംഭിക്കുകയും ഉച്ചകഴിഞ്ഞ് 3 മണിയോടെ പൂർത്തിയാക്കുകയും ചെയ്തു. ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് അംഗം ശ്രീ സി പി മാത്യുവും കോട്ടയം ഏരിയ 1 എക്സിക്യൂട്ടീവ് അംഗം ശ്രീ സിറിൽ എന്നിവരും രജിസ്ട്രേഷൻ കൗണ്ടർ കൈകാര്യം ചെയ്തു. സംസ്ഥാന കമ്മിറ്റി അംഗം ശ്രീമതി റൈസ ബീഗവും ജില്ലാ പ്രസിഡന്റ് ശ്രീ എം ജി രാഘവൻ, തുടങ്ങിയവർ .അംഗങ്ങളെ സഹായിക്കാനും നയിക്കാനും മുൻപന്തിയിൽ. പങ്കെടുത്തു ഒന്നാമത്തെയോ രണ്ടാമത്തെയോ വാക്സിനേഷൻ വാങ്ങി. കുത്തിവയ്പ്പ് വളരെ വിജയകരമായി നടന്നു. കോട്ടയം എസ്ബിഐ അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സ് ചീഫ് മാനേജർ (എച്ച്ആർ0, ശ്രീ കോശി മാത്യു, ഡെ. മാനേജർ (എച്ച്ആർ) ശ്രീ അജിത്ത് എന്നിവരോട് അകമഴിഞ്ഞ കൃതഞ്ജത രേഖപ്പെടുത്തുന്നു.




കിംസ് ഹോസ്പിറ്റലിൽ ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ



ഊഴവും കാത്ത് സാമൂഹ്യ അകലവും കൊവിഡ് പ്രൊട്ടോക്കോളും പാലിച്ച് അംഗങ്ങൾ



കുത്തിവെയ്പ്പിന്ശേഷം അര മണിക്കൂർ നേരം കാത്തിരിക്കുന്നവരോട് അന്വേഷണങ്ങളുമായി സ്റ്റാഫ് നേഴ്സ്

# കുത്തിവയ്പ്പ് കൊട്ടിയം കിംസ് ഹോസ്പിറ്റലിൽ



കൊല്ലം എസ്ബിഐ അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സുമായി സഹകരിച്ച് എ.ഒ. പ്രദേശത്തെ മുതിർന്ന എസ്ബിഐ പൗരൻമാരായ പെൻഷൻകാർക്കായി ഒരു കോവിഡ് 19 വാക്സിനേഷൻ പ്രോഗ്രാം ജൂലൈ 27 ചൊവ്വാഴ്ച്ച നടത്തിയപ്പോൾ..

# സംഭാവന തുക കൈമാറി



**2 ലക്ഷം രൂപ നിക്ഷേപിച്ചതിന്റെ രസീത് സത്യന്റെ സഹധർമ്മിണിയ്ക്ക് കൈമാറുന്ന ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് അംഗമായ ഏറ്റുമാനൂർ ഏരിയാ കമ്മറ്റി കൺവീനർ ശ്രീ. സി.പി.മാത്യു**

കോവിഡ് ബാധിച് മരണമടഞ്ഞ താത്കാലിക ജീവനക്കാരനായിരുന്ന സത്യന്റെ കുടുംബത്തിനുവേണ്ടി, കോട്ടയം ഏരിയയിൽ ജോലി ചെയ്തിരുന്ന 75 പെൻഷൻകാരിൽ നിന്നു സമാഹരിച്ച സംഭാവന തുകയായ 2 ലക്ഷം രൂപ സ്ഥിര നിക്ഷേപം ആയി അദ്ദേഹത്തിന്റെ ഭാര്യയ്ക്കും കുട്ടിക്കും കോട്ടയം ശാഖയിൽ വച്ച് 9-7-2021 വെള്ളിയാഴ്ച്ച കൈമാറിയ വിവരം സന്തോഷപൂർവം അറിയിക്കുന്നു. ഈ സംരഭത്തിനു സഹകരിച്ച എല്ലാവർക്കും പ്രത്യകം നന്ദി അറിയിക്കുന്നു.




# എ.പി.രവീന്ദ്രൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് ജില്ല കേന്ദ്രം വൈസ് പ്രസിഡന്റ് കൊയിലാണ്ടി അമ്പമോളി പുത്തലത്ത് ചേവരമ്പലം അരുളപ്പാട് ക്ഷേതത്തിനു സമീപം ശരണ്യയിൽ എ.പി.രവീന്ദ്രൻ ( 68 ) (മുൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി, സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂനിയൻ) നമ്മെ വിട്ടുപിരിഞ്ഞ വിവരം അതീവ ദു:ഖത്തോടെ അറിയിക്കട്ടെ. അർധരാത്രി ആശുപത്രിയിലായിരുന്നു അന്ത്യം. ജൂലൈ 1–ാം തിയതി കാലത്ത് 8.30 മണിക്ക് സംസ്കാര ചടങ്ങുകൾക്കായ് കോഴിക്കോട് ചേവരമ്പലത്തെ വീട്ടിൽ നിന്നും തിരുത്ത്യാട്ട് ശ്മശാനത്തിലേക്ക് കൊണ്ട് പോയി. ശവസംസ്കാരം 9.00 മണിക്ക് നടത്തി. .



എ.പി.രവീന്ദ്രൻ

എ.പി. രവീന്ദ്രൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് യൂണിയൻ കേരള സർക്കിൾ മുൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി , എബി ഐ കോൺടാക്ട് ആൻഡ് കാഷൽ ലേബർ യൂണിയൻ സംസ്ഥാന പ്രസിഡന്റ് , നാഷണൽ കോൺഫഡറേഷൻ ബാങ്ക് എംപ്ലോയീസ് ദേശീയ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട് . ഭാര്യ വി . ഇന്ദിര , സഹോദരൻ എംപി ശശിധരൻ .

പരേതന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുന്നു. വേർപാടിൽ വ്യസനിക്കുന്ന കുടുംബത്തോട് എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ അനുശോചനം അറിയിക്കുന്നു.

## അനുസ്മരണം

# ആൾക്കൂട്ടത്തിൽ എന്നും തലയെടുപ്പോടെ



### കെ.രാജീവൻ

പാതിയടഞ്ഞ കണ്ണുകളിലൂടെ ഒറ്റത്തവണ മാത്രം നോക്കിയതിനു ശേഷം ദൃഷ്ടി എന്നിൽനിന്നും പൊടുന്നനെ മാറ്റിയത് മനപ്പൂർവമായിരുന്നു എന്നാണിപ്പോഴും എന്റെ തോന്നൽ. രവി, ഞാനാണ് , രാജീവൻ എന്ന് ശബ്ദമുയർത്തി ഒരിക്കൽ കൂടി വിളിച്ചു നോക്കിയെങ്കിലുംപാതിബോധത്തിന്റെ ഒരവസ്ഥയിലാണപ്പോൾ എന്ന തോന്നലുണ്ടാക്കി ആ കിടപ്പ് തുടർന്നു.രണ്ടാഴ്ച കൾക്ക് മുൻപ് മേപ്പയൂരിൽ നിന്ന് വിളിച്ചു കുശലങ്ങളന്വേഷിക്കവേ, ആരോഗ്യസ്ഥിതിക്ക് വലിയ കുഴപ്പമില്ലെന്നും ഇടയ്ക്ക്ചെറിയ തോതിൽ ക്ഷീണം തോന്നാറുണ്ട് എന്നതിലുപരിയായി, ഇത്തരത്തിലേക്കുള്ള അതിഗുരുതരമായ ഒരവസ്ഥയിലേക്ക് സ്വയം നീങ്ങിക്കൊണ്ടിരിക്കയാണെന്നതിന്റെ നേരിയ സൂചന പോലും രവി പങ്ക് വെച്ചില്ല. അത്കൊണ്ട് തന്നെ ഇക്കഴിഞ്ഞ ചൊവ്വാഴ്ച സുനന്ദക്കൊപ്പം ചേവരമ്പലത്തെ ശരണ്യയിലേക്ക്ചെന്നു കയറുമ്പോൾ മനസ്സിലുണ്ടായിരുന്നത് നിറഞ്ഞ ചിരിയോടെ ഞങ്ങളെ സ്വീകരിക്കാൻ തയ്യാറെടുത്ത് നിൽക്കുന്ന രവിയായിരുന്നു. വൈദ്യനും വൈദ്യശാസ്ത്രവും നിസ്സഹായാവസ്ഥ വെളിവാക്കിയ വിവരങ്ങൾ വിശദമായി രവിയുടെ കസിൻ സോമനിൽനിന്ന് കേട്ടതിൽപ്പിന്നെ, കൂടുതൽ സമയം അവിടെ തുടരേണ്ടതില്ലെന്ന് മനസ്സ് നിർബന്ധിച്ച് കൊണ്ടേയിരുന്നു. തളർന്നു കിടക്കുന്ന വലത് കൈപ്പത്തിയിൽ തുളച്ചു കയറ്റിയ കാനുലയും നേരിയ തുള്ളികളായി വളരെ പതിയെ അകത്തേക്ക് ഒഴുകി പോകുന്ന രക്തം കലർന്ന ഡ്രിപ്പും ബിലിറൂബിൻറെ അപകടകരമായ സാന്നിധ്യം വിളിച്ചറിയിക്കുന്ന , ശരീരത്തിൽ അവിടവിടെയായി രൂപപ്പെട്ട മഞ്ഞ നിറവും, എല്ലാം എല്ലാം ആസന്നമായ അന്ത്യത്തെപ്പറ്റിയുള്ള മുന്നറിയിപ്പായി തോന്നി.. ഒരിക്കൽ കൂടി മുറിയിൽ കേറി ആ രൂപം കാണാൻ ഞാൻ അശക്തനായിരുന്നു. തിരികെ വീട്ടിലെത്തി രാജക്കുറുപ്പിനേയും പപ്പനേയും വിളിച്ചു വിവരങ്ങളറിയിച്ചു. ഏത് നിമിഷവും ഒരശുഭകരമായ വാർത്ത എന്നെത്തേടിയെത്തും എന്ന ചിന്തയിലായിരുന്നു അടുത്ത രണ്ടു ദിവസങ്ങൾ ഞാൻ തള്ളി നീക്കിയത്.

അടിയന്തരാവസ്ഥയിലെ അഭിശപ്തമായ ദിനങ്ങളിലൊന്നിൽ, പഴയ പ്രതാപത്തിന്റെ വീരസ്യങ്ങളും ആർഭാടാഹങ്കാരങ്ങളും അയവിറക്കി, ഇംപീരിയൽ ദിനങ്ങളുടെ ബാക്കിപത്രമായി, മാനാഞ്ചിറയ്ക്ക് സമീപം, മാമരചാർത്തിനിടയിൽ നിലക്കൊണ്ടിരുന്ന ദുർഗ്ഗ തുല്യമായ കെട്ടിടത്തിന്റെ കിഴക്കെ വരാന്തയിൽ ആയിരുന്നു ആദ്യ സമാഗമം. ചീകിയൊതുക്കാത്ത മുടിയും രോഷാഗ്നി ജ്വലിക്കുന്ന കണ്ണുകളും അകമ്പടിയായി സർവം ചുട്ടുകരിക്കാനുള്ള തയ്യാറെടുപ്പ് പ്രകടമാക്കിയ വാക്കുകളുമായുള്ള രവിയുടെ അന്നത്തെ രൂപം ഒരു പാട് വർഷങ്ങൾക്കിപ്പുറവും എന്റെ മനസ്സിൽ നിറഞ്ഞിരിപ്പുണ്ട്. ദീർഘനാളത്തെ തെയ്യാറെടുപ്പിന്ശേഷം കടുത്ത മത്സരപരീക്ഷയിൽ വിജയം കരസ്ഥമാക്കി പിന്നീടുള്ള മുഖാമുഖവും കടന്നു ഒടുവിൽ തിരഞ്ഞെടുക്കപ്പെട്ടവരിലൊരാളായി ലിസ്റ്റിൽ ഇടംനേടി നിയമനം കാത്തിരിക്കവേ, പ്രസ്തുത ലിസ്റ്റ് ബാങ്ക് റദ്ദാക്കിയെന്ന വാർത്ത കേട്ട ഉടനെ ഉണ്ടായ സ്വാഭാവികമായ ആത്മരോഷവും പ്രതികരണവുമായിരുന്നു രവി എനിക്ക് മുൻപിൽ അപ്പോൾ നിരത്തിയത്. ഈയൊരു നെറികെട്ട ചെയ്തിക്കെതിരായി സ്റ്റാഫ് യൂണിയന്റെ അടിയന്തിരമായ ഇടപെടൽ ആയിരുന്നു രവിയുടെ ആവശ്യം.

നേതൃത്വത്തിന്റെ നാലയൽപക്കത്ത് പോലുമല്ലാത്ത വെറും സാദാ മെമ്പറായ എനിക്ക് അതിന് കഴിയില്ലെന്ന നിസ്സഹായത വെളിപ്പെടുത്താതെ നമുക്ക് ശരിയാക്കാം എന്ന പൊള്ളവാക്കിൽ രവിയെ തിരിച്ചയക്കുകയായിരുന്ന് അന്ന് ഞാൻ ചെയ്തത്. തങ്ങൾ കാലാകാലങ്ങളായി സ്വീകരിച്ച അരാഷ്ട്രീയനിലപാടിനെക്കുറിച്ച് പകലന്തിയോളം പൊങ്ങച്ചം പറഞ്ഞു നടന്ന സംഘടന അടിയന്തരാവസ്ഥയെ ഭയപ്പെട്ടു, ഭരിക്കുന്ന കക്ഷിയുടെ ട്രേഡ് യൂണിയനിൽ അഫിലിയേഷൻ വാങ്ങി സ്വന്തം നിലനിൽപ്പ് സംരക്ഷിച്ചു എന്നല്ലാതെ ഈയൊരു അനീതിക്കെതിരെ ഒരു ചുടുനിശ്വാസം പോലും ഉയർത്തിയില്ല എന്നതാണ് ചരിത്രം. അഖിലേന്ത്യാ തലത്തിൽ ബാംഗ്ലൂർ റീജിയണിൽ മാത്രം നടപ്പിൽ വരുത്തിയ ഈ കൊലച്ചതിക്കെതിരെ രവിയും സഹകാരികളും നടത്തിയ നിയമയുദ്ധം അനുകൂലമായ ഒരു വിധിയിലേക്ക് നീങ്ങാനൊരുങ്ങവേ ബാങ്കും യൂണിയനും തമ്മിൽ ധൃതിയിലേർപ്പെട്ട ഒരൊത്തുതീർപ്പിന്റെ വെളിച്ചത്തിൽ, രവിക്കും കൂടെയുള്ളവർക്കും പുനർ നിയമനം നൽകി.. എഴുപത്തിനാലിന്റെ അവസാനം മുതൽ മുൻകാല പ്രാബല്യത്തോടെ ലഭിക്കേണ്ടിയിരുന്ന നിയമനത്തെ തന്ത്രപൂർവ്വം ഒഴിവാക്കാൻ യൂണിയൻ കൂട്ട് നിന്നു എന്ന ബോധ്യം എക്കാലത്തെയ്ക്കുമായി മനസ്സിൽ നിർത്തി മൂന്നു വർഷങ്ങൾക്ക് ശേഷം എഴുപത്തേഴ് ജൂണിൽ രവിയും ലിസ്റ്റിലുണ്ടായിരുന്ന എല്ലാവരും വിവിധ ശാഖകളിലൂടെ ബാങ്കിലെ ഹാജർ പട്ടികയിൽ കൈയൊപ്പ് ചാർത്തി. എ. പി രവി, എൻ.ഇ. ഗോപാലകൃഷ്ണൻ തുടങ്ങിയ ക്ഷുഭിതയൗവനങ്ങളുടെ വരവോടെ മാനാഞ്ചിറ മെയിൻ ബ്രാഞ്ച് ഒരു പുതിയ അദ്ധ്യായത്തിന് തുടക്കം കുറിച്ചു.. സ്റ്റാഫ് യൂണിയന്റെ നേതൃത്വനിരയിൽ ഏറെക്കാലമായി തുടർന്നു വന്ന മുതിർന്നവർ ഒന്നടങ്കം സ്ഥാനമൊഴിഞ്ഞ് ഇളം തലമുറയെ തൽസ്ഥാനങ്ങളിൽ അവരോധിച്ചു. ലോക്കൽ സിക്രട്ടറിയായി ഞാനും അസിസ്റ്റന്റ് ആയി എ പി രവിയും ചുമതലയേറ്റു. എ പി രവിയിൽ നിന്ന് രവിയിലേക്കും രവിയിൽ നിന്ന് രവിയേട്ടനിലേക്കുമുള്ള സമുന്നതനായ ബാങ്ക് യൂണിയൻ നേതാവിന്റെ തുടക്കമായിരുന്നു അത്. കടമ്മനിട്ടയും കാട്ടാളനും സർഗവിസർഗങ്ങളിൽപ്പോലും കൃത്യത പാലിച്ചു നിറഞ്ഞാസ്വദിച്ച് ആലപിച്ചും ഖസാക്കിനേയും നാലുകെട്ടിനേയും നെഞ്ചോട് ചേർത്തും അത്യന്താധുനികതയും അസ്തിത്വദു:ഖവും ചൂടേറിയ ചർച്ചകളാക്കിയും സുഹൃത്തുക്കൾക്കിടയിൽ നിറഞ്ഞു നിന്ന രവിയുടെ തികച്ചും പുതുമയാർന്ന മുഖമായിരുന്നു പിന്നീട് കണ്ടത്. എഴുപത്തെട്ടിൽ കൊയിലാണ്ടിയിലേക്ക് ഞാൻ സ്ഥലം മാറിപ്പോകവേ നേതൃത്വത്തിൻറെ പുതിയ പടവുകൾ രവിക്കുവേണ്ടി തയ്യാറെടുപ്പ് തുടങ്ങിയിരുന്നു..

അതായി രുന്നു ആപ്പീസർമാരുടെ Dual Role നെതിരായുള്ള സ്റ്റാഫ് യൂണിയന്റെ സമരവും തുടർന്നുണ്ടായ രവിയുടെ സസ്പെൻഷനും.. എൺപത്തി രണ്ടിലെ തിരഞ്ഞെടുപ്പിൽ സോണൽ സിക്രട്ടറിയായുള്ള രവിയുടെ സ്ഥാനലബ്ധിയും പിന്നിടങ്ങോട്ട് രവിയെ തേടി വന്ന സംഘടനയിലെ ഉന്നത സ്ഥാനങ്ങളോരോന്നും കാലം മുന്നേ വരച്ചുവെച്ചതായിരുന്നു എന്നതാണ് യാഥാർത്ഥ്യം. എന്നും എവിടെയും ഏതാൾക്കൂട്ടതിനിടയിലും തലയുയർത്തി നിന്നിരുന്ന ഒരു സവിശേഷമായ വ്യക്തിത്വം. ഏത് കിരീടം വച്ചവനോടായാലും പറയേണ്ടത് പറഞ്ഞു തീർക്കുന്ന ചങ്കുറപ്പ്. സൗഹൃദങ്ങൾക്കിടയിൽ ഉപചാരങ്ങൾക്ക് അശേഷം ഇടം കൊടുക്കേണ്ടെന്ന തുറന്ന നിലപാട്. അങ്ങനെ അങ്ങനെ ഒരുപാട് സ്വഭാവ വൈശിഷ്ട്യങ്ങൾ.എഴുതാൻ ഇനിയും ഏറെ ബാക്കി.. വിസ്തരഭ യത്താൽ ഞാനതിൽ നിന്നും പിൻവാങ്ങുന്നു.

ജൂലൈ ഒന്ന്, വ്യഴാഴ്ച. നേരം വെളുത്തു തുടങ്ങുന്നേയുള്ളു. റിങ്ങ് ചെയ്തു കൊണ്ടിരുന്ന മൊബൈൽ സ്ക്രീനിൽ പത്മനാഭൻ സി എന്ന പേർ തെളിഞ്ഞു കണ്ടപ്പോൾ തന്നെ എനിക്ക് ഊഹിക്കാൻ കഴിഞ്ഞു. പപ്പൻ എന്നോട് പറയാൻ പോവുന്ന ആ ദു:ഖ വാർത്ത. . ഏഴര മണിക്ക് ശരണ്യയിലെത്തുമ്പോൾ, മുൻകൂട്ടി പറഞ്ഞു തീരുമാനിച്ചതനുസരിച്ച് രഘു എനിക്ക് മുമ്പ് അവിടെ എത്തി കാത്തിരിപ്പുണ്ടായിരുന്നു. എൻ. ഇ. ജി വന്നു പോയെന്നു രഘു പറഞ്ഞു. സിറ്റൗട്ടിന് തൊട്ടുള്ള ഡ്രോയിംഗ് റൂമിൽ ശാന്തനായി കിടക്കുന്ന പ്രിയപ്പെട്ട രവി. ‘ പെൻഷൻ അപ്ഡേഷനും ഫാമിലിപെൻഷനും വല്ലോം അടുത്തെങ്ങാൻ നടക്വോ സഖാവേ......‘

അമ്പ്രമോളി പുത്തലത്ത് രവി എന്ന എന്റെ പ്രിയപ്പെട്ട അനിയൻ ആ പതിവ് ചോദ്യം ഒരിക്കൽ കൂടി എന്നോട് ചോദിച്ചത് ഒരു പിൻ വിളിപോലെ ഞാൻ വീണ്ടും കേട്ടു....

# കരുണാകരൻ കുട്ടി



**കരുണാകരൻ കുട്ടി**

**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം റിട്ട. ചീഫ് മാനേജർ കരുണാകരൻ കുട്ടി കിംസ് ഹൊസ്പിറ്റലിൽ വച്ച് നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു.. അദ്ദേഹത്തിന്റെ നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുക യും ചെയ്യുന്നു.

# എ.സുകുമാരൻ



**എ.സുകുമാരൻ**

**എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ വയനാട് യൂണിറ്റ് അംഗം ശ്രീ. എ.സുകുമാരൻ (87 വയസ്സ്) (FPM 8028) അരീകാട്ടിൽ വീട്, പുത്തൂർവയൽ, കല്പ്പറ്റ, വയനാട് വാർദ്ധക്യസഹജമായ അസുഖം മൂലം ജൂലൈ 4–ാം തിയതി രാത്രി കൽപ്പറ്റയിലെ സ്വവസതിയിൽ വെച്ച് നിര്യാതനായ വിവരം അതീവ ദു:ഖത്തോടെ അറിയിക്കുന്നു. .സംസ്കാരം ജൂലൈ 5–ാം തിയതി പകൽ പതിനൊന്ന് മണിക്ക് കല്പറ്റയിൽ. നടത്തി. കുടുംബത്തിന്റെ ദുഃഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പങ്ക് ചേരുന്നു അനുശോചനം അറിയിക്കുന്നു.**

# എ.എൻ.വേലായുധൻ



**എ.എൻ.വേലായുധൻ**

**എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കാസർഗോഡ് ജില്ലാ കേന്ദ്രത്തിന്റെ അംഗം**

എ.വി.രാധാകൃഷ്ണന്റെ പിതാവ് എ.എൻ.വേലായുധൻ (കുട്ടപ്പൻ) ഇടട്ടുതോട്ടത്തിൽ, നീലേശ്വരം അന്തരിച്ചു. 84 വയസ്സായിരുന്നു. എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കാസർഗോഡ് ജില്ല സെന്ററർ അനുശോചനം രേഖപ്പെടുത്തുന്നു, കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുന്നു

# ശ്രീ എ.കെ.ശശീന്ദ്രൻ



ശ്രീ എ.കെ.ശശീന്ദ്രൻ

എസ്.ബി.ഐ. റിട്ട. മാനേജർ കറുമശ്ശേരി അത്താണിക്കൽ ശ്രീ. എ.കെ.ശശീന്ദ്രൻ നിര്യതനായ വിവരം വ്യസന സമേതം അറിയിക്കുന്നു . 63 വയസ്സായിരുന്നു. ശവദാഹം വീട്ടുവളപ്പിൽ നടത്തി. ഭാര്യ അജിത മകൻ ശരത് ശ്യാം കൃഷ്ണ. എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയയേഷൻ കോട്ടയം ജില്ലാ സെന്ററിന്റെ അനുശോചനം അറിയിക്കുന്നു

# ശ്രീമതി. ശ്രീകലാദേവി



ശ്രീകലാദേവി

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം പാറ്റൂർ മൂന്നുമുക്ക് ലെയിനിൽ 113 രേവതിയിൽ റിട്ട. മാനേജർ എം.എച്ച്.സച്ചിദാനന്ദന്റെ ഭാര്യ ആലുവ തോട്ടയ്ക്കാട്ടുകരയിൽ ആനന്ദഭവനത്തിൽ ശ്രീമതി, ശ്രീകലാദേവി നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു..

**സംസ്കാരം നടത്തി. മക്കൾ : അനിത എസ് ആനന്ദ് , അഖില എസ് ആനന്ദ് . മരുമക്കൾ : ഷിബു , കൃ ഷ്ണകുമാർ** സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കുചേരുന്നു.

# ശ്രീ.കെ.രാധാകൃഷ്ണൻ



ശ്രീ.കെ.രാധാകൃഷ്ണൻ

**എസ് ബി ഐ** പെൻഷനേഴ്സ് **അസോസിയേഷന്റെ** പാലക്കാട് **ജില്ലാ കേന്ദ്രത്തിന്റെ** അംഗം ശ്രീ.കെ.രാധാകൃഷ്ണൻ, കിഴയത്തിൽ, വെള്ളിനേഴി, പാലക്കാട്, പെരിന്തൽമണ്ണ അല്ഷിഫാ ആശുപത്രിയിൽ ചികിത്സയിലിരിക്കവെ ആകസ്മികമായി നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്ക് ചികിത്സയിലായിരുന്നു. **അദ്ദേഹത്തിന്റെ നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം **അറിയിക്കുന്നു.** പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ശ്രീമതി.വത്സമ്മ എം.ഐ.



വത്സമ്മ എം.ഐ.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ല അംഗം ശ്രീമതി.വത്സമ്മ എം.ഐ. (എൽ.എം. 6373) പാലാ മരിയൻ സെന്റർ ആശുപത്രിയിൽ അന്തരിച്ചു. സംസ്കാരം ഇടുക്കി ജില്ലയിലെ അടുക്കോം കുടുംബ വീട്ടുവളപ്പിൽ ജൂലൈ 17–ാം തിയതി വെള്ളി യാഴ്ച്ച വൈകിട്ട് 2 മണിക്ക് നടത്തി.

ദു:ഖിതരായ കുടുംബത്തിന് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അഗാധമായ അനുശോചനം തിരുവനന്തപുരം ജില്ലാ സെക്രട്ടറി ജോസഫ് വി.എൽ അറിയിക്കുന്നു.

# എം. എം. മാത്യു



എം എം മാത്യു

എം എം മാത്യു(94) മണിമല കാടൻകാവിൽ, മംഗലംഡാം നിര്യാതനായി. സംസ്കാരം 19/07/2021 തിങ്കൾ, 3 മണിക്ക് മംഗലംഡാം പള്ളി സെമിത്തേരിയിൽ നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ ജില്ല മെമ്പർ ജോൺ മാത്യു മകനും ജോസഫ് മാത്യു, പാലാ സഹോദരനുമാണ്. അദ്ദേഹം പാലാ സെൻട്രൽ ബാങ്കിലെ തൊടുപുഴ മാനേജർ ആയിരുന്നു. കോട്ടയം ജില്ലാ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ അനുശോചനം ദുഃഖാർത്തരായ കുടുംബാംഗങ്ങളെ അറിയിക്കുന്നു

# ഗോപാലകൃഷ്ണൻ നായർ



ഗോപാലകൃഷ്ണൻ നായർ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ല അംഗം ഗോപാലകൃഷ്ണൻ നായർ കല്ലാറന്മൂല, മുട്ടട, (LM-8230) സംസ്കാരം ശാന്തികവാടത്തിൽ ജൂലൈ 20ന് ചൊവ്വാഴ്ച്ച 12 മണിക്ക് നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# ശ്രീമതി.എ.സരോജനി



ശ്രീമതി.എ.സരോജനി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ല അംഗം കെ. കരുണാകരന്റെ സഹധർമ്മിണി ശ്രീമതി.എ.സരോജനി നിര്യതയായ വിവരം വ്യസന സമേതം അറിയിക്കുന്നു .ശവ സംസ്കാരം ചാത്തന്നൂരിലുള്ള മകളുടെ വസതിയിൽ ജൂലൈ 20ന് ചൊവ്വാഴ്ച്ച 11 മണിക്ക് വീട്ടുവളപ്പിൽ നടത്തി. എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ തിരുവനന്തപുരം ജില്ലാ സെന്റർ അനുശോചനം അറിയിക്കുകയും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു.

# ശ്രീ.പി.എം.കുര്യൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ അംഗം റിട്ട. എജി എം, ശ്രീ പി. കെ മാത്യു വിന്റെ പിതാവ് പി. എം. കുര്യൻ, പാണ്ഡവത്ത് (90) നിര്യാതനായ വിവരം വ്യാസനസമേതം അറിയിക്കുന്നു.



പി. എം. കുര്യൻ

ശവസംസ്കാര ചടങ്ങുകൾ താവളക്കുഴി ,ഏറ്റുമാനൂർ ഉള്ള ഭവനത്തിൽ 23.7.21 വെള്ളിയാഴ്ച്ച വൈകിട്ട് 3 മണിക്ക് ആരംഭിച്ച് അടക്കം ഏറ്റുമാനൂർ സെൻ്റ് ജോസഫ് സ് ക്നാനായ കാത്തോലിക് പള്ളിയിൽ നടത്തി. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ യൂണിറ്റ് അനുശോചനം രേഖപ്പെടുത്തുകയും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു.

## സരോജിനി.പി. ബി



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ്, അംഗമായ ശ്രീമതി. സരോജിനി പി.ബി (എൽഎം / 1769 പിഎഫ് സൂചിക: 902780) H No. 19/41, രാധ നിവാസ്, വാട്ടർലാൻഡ് റോഡ്, പള്ളുരുത്തി, കൊച്ചി, എറണാകുളം അഭയം റസിഡന്റ്സ് അസോസിയേഷൻ ലാൻഡ്മാർക്ക്: ധന്വന്തരി ക്ഷേത്രത്തിന്റെ തെക്ക് നിര്യതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. 72 വയസ്സായിരുന്നു. പങ്കാളി: പ്രഭാത് പി.ഡി (AFM/1770) മകൻ രാഹുൽ പി.പി; മരുമകൾ അർച്ചന. ശവ സംസ്കാരം വീട്ടുവളപ്പിൽ നടത്തി. വേർപാടിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ എറണാകുളം ജില്ലാ സെൻ്റർ അനുശോചനം അറിയിക്കു ന്നു.

## ജിജി മാത്യു



ജിജി മാത്യു

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ വൈക്കം ഏരിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ ജോസഫ് മായം പറമ്പന്റെ സഹോദരൻ ജിജി മാത്യു (49) നിര്യാതനായി. പരേതന്റെ ഭൗതികശരീരം 25. 07 .2021 ഞായറാഴ്ച വൈകുന്നേരം 5 30ന് വസതിയിൽ കൊണ്ടുവന്നു. സംസ്കാരം 26 .07 .2021 തിങ്കളാഴ്ച രാവിലെ 10 30 ന് വൈക്കം ഫെറോന പള്ളിയിൽ കുടുംബ കല്ലറയിൽ നടത്തി. എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ.എം.ജി.രാഘവൻ, വൈക്കം ഏരിയാക്കമ്മറ്റി ജോയിന്റ് കൺവീനർ ശ്രീ.ഡി.കെ. രാജഗോപാൽ എന്നിവർ ഭവനത്തിലെത്തി ആദരാഞ്ജലികളർപ്പിക്കുകയും കടുംബാംഗങ്ങളെ സമാശ്വസിപ്പിക്കുകയും ചെയ്തു. .കോട്ടയം ജില്ല സെൻ്റർ എല്ലാ പ്രവർത്തകരുടെയും പേരിൽ അനുശോചനം അറിയിക്കുന്നു. കുടുംബത്തിന്റെ തീവ്ര ദുഃഖത്തിൽ പങ്ക് ചേരുന്നു.



വൈക്കം യൂണിറ്റിടന്റ ജോയിന്റ് കൺവീനർ ശ്രീ.ഡി.കെ. രാജഗോപാൽ, കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ.എം.ജി.രാഘവൻ എന്നിവർ അന്തിമോപചാരം അർപ്പിയ്ക്കാൻ എത്തിയപ്പോൾ

## കെ.സി.മാത്യൂസ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ യൂണിറ്റ് അംഗമായ ഇമ്പീരിയൽ ബാങ്കിൽ ജോയിൻ ചെയ്ത് എസ്.ബി.ഐ. നിന്നും വിരമിച്ച മാനേജർ കെ.സി. മാത്യൂസ് കറ്റാനത്തെ സ്വവസതിയിൽ നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. 93 വയസ്സയിരുന്നു. കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കുചേരുന്നു.



**കെ.സി.മാത്യൂസ്**

# വിനു നിര്യാതനായി



**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗം അജിതാ റാണിയുടെ മകൾ ലക്ഷ്മിയുടെ ഭർത്താവ് ശ്രീ. വിനു ഹൃദയാഘാതത്തെത്തുടർന്ന് നിര്യാതനായ വിവരം അഗാധമായ ദു:ഖത്തോടെ അറിയിച്ചു കൊള്ളുന്നു. കേവലം 39 വയസ്സ് മാത്രമായിരുന്നു പ്രായം. ശ്രീമതി. അജിതാ റാണിയുടേയും കുടുംബാംഗങ്ങളുടേയും തീവ്ര ദുഃഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കുചേരുന്നു. പരേതാ ത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.**

# ത്രേസ്യാമ്മ മാത്യു (75)



**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗം ശ്രീ മാത്യു സെബാസ്ററ്യന്റെ ഭാര്യയും അസോസിയേറ്റ് മെമ്പർമായ ത്രേസ്യാമ്മ മാത്യു മാറാട്ടുകുളം ,വടക്കേക്കര ,ˇവേരൂർ പി ഓ ,ചെത്തിപ്പുഴ ചങ്ങനാശേരി നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു** 75 **വയസ്സയിരുന്നു.** ശവസംസ്കാരം 30.07.201 ന് 3 **മണിക്ക് ഭവനത്തിൽ ആരംഭിച്ചു. അതിന് ശേഷം അടക്കം വടക്കേക്കര പള്ളി സിമിത്തേരിയിൽ നടത്തി. കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ കോട്ടയം ജില്ല സെന്ററിന്റെ പേരിലുള്ള അനുശോചനം അറിയിക്കുന്നു**

# ദയാനന്ദൻ.പി.പി.


.

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ **കണ്ണൂർ** ജില്ലാ കേന്ദ്രത്തിലെ അംഗം ദയാനന്ദൻ.പി.പി. നിര്യാതനായ വിവരം അഗാധമായ ദു:ഖത്തോടെ അറിയിച്ചു കൊള്ളുന്നു. **കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കുചേരുന്നു.

OASIS
Older Adults Sharing In Service

# ശ്രീമതി മരീനാമ്മ ജോസ്

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂക്ഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ



ശ്രീമതി മരീനാമ്മ ജോസ്,

നെല്പുരപ്പറമ്പിൽ വാഴപ്പള്ളി , ചങ്ങനാശേരി നമ്മുടെ മെമ്പർ ജോസഫ് ജോർജിന്റെ ഭാര്യയും നമ്മുടെ ഫാമിലി അസ്സോസിയേറ്റ് മെമ്പറുമായ ശ്രീമതി മരീനാമ്മ ജോസ് (60) വയസ്സ് നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു . വേർപാടിന്റെ വേദനയിൽ കഴിയുന്ന കുടുംബത്തിന് എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ അനുശോചനം അറിയിക്കുന്നു

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**


## ഉപദേശക സമിതി
ശ്രീ.കെ.രാജീവൻ, സംസ്ഥാന പ്രസിഡന്റ്
എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി

## പത്രാധിപ സമിതി
രക്ഷാധികാരി
മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്
പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ


P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല


SBI PENSIONERS' ASSOCIATION KERALA
KOTTAYAM - DISTRICT CENTRE, MARIYA BHAVAN I FLOOR, KUMARANALLOOR P.O, KOTTAYAM, Pin - 686016
Telphone No. 0481 - 25 67 373, Mobile: 9446424407, 9446046899, 9446122245
email: sbipakktym@gmail.com